

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH



Vol. 2 No. 38 | THE ONLINE OFFICIAL NEWS BULLETTIN | 2019 September 21

സ്ലീബാകാലം | SEASON OF CROSS | ܥܕܢܐ ܕܨܠܝܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
♪2 22 2nd Sunday after the Feast of Holy Cross	 ♪6 23 96th Memorial of Alvaris Mar Yulios (Panchim St. Mary's, Goa)	 ♪2 24 Comme. of St. Dimeth the Persian	 ♪6 25 125th Memorial of H.H. Ignatios Peter III Patriarch	♪2 26	♪6 27	 ♪2 28 22nd Memorial of Philipose Mar Theophilos (Alwaye Thrikkunnathu Seminary)

ശാശ്വത സമാധാനത്തിന് എല്ലാവരും സഹകരിക്കണം: കാതോലിക്കാ ബാവാ

കോട്ടയം: 1934-ലെ ഭരണഘടനയുടെയും സുപ്രീംകോടതിയിൽ നിന്നുണ്ടായിട്ടുള്ള വിവിധ വിധി ന്യായങ്ങളുടെയും അന്ത:സത്ത ഉൾക്കൊണ്ട് സഭയിൽ ശാശ്വത സമാധാനം സ്ഥാപിക്കുവാൻ എല്ലാവരും സഹകരിക്കണമെന്നു പ. കാതോലിക്കാ ബാവാ. കണ്ടനാട് പള്ളി സംബന്ധിച്ചുണ്ടായ കോടതി വിധി ഈ ദിശയിലുള്ള ചുവടുവയ്പിന് ഊർജം പകരണം. എല്ലാ വ്യവഹാരങ്ങളും പൂർണമായി അവസാനിപ്പിച്ച് നീതി ന്യായ വ്യവസ്ഥിതിയേയും രാജ്യത്തിന്റെ ഭരണഘടനയെയും മാനിച്ചുകൊണ്ട് പ്രവർത്തിക്കാൻ ഏവരും തയാറാകണമെന്നു കാതോലിക്കാ ബാവാ പറഞ്ഞു.

2017 ജൂലൈ 3-ലെ കോലഞ്ചേരി പള്ളി തർക്കം സംബന്ധിച്ച് വിധിന്യായം പുറപ്പെടുവിച്ചത് ആ പള്ളിക്കുവേണ്ടി മാത്രമല്ല സഭയിലെ എല്ലാ പള്ളികൾക്കും വേണ്ടിയാണെന്നു സഭാ സൂന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് പറഞ്ഞു.

സമ്പൂർണ സമാധാനം സ്ഥാപിക്കുവാൻ വേണ്ടിയാണ് സുപ്രീംകോടതി ആ വിധി പ്രഖ്യാപിച്ചത്. അതേസമയം, ഓർത്തഡോക്സ് സഭയെ കയ്യേറ്റക്കാരെന്ന് മുദ്ര കുത്താൻ നടത്തുന്ന ശ്രമം വിലപ്പോകില്ല. ഭിന്നതകൾ ആരംഭിക്കുന്നതിനു നൂറ്റാണ്ടുകൾ മുൻപ് സ്ഥാപിക്കപ്പെട്ട പള്ളികൾ തങ്ങളുടേതു മാത്രമാണെന്ന യാക്കോബായ സഭയുടെ വാദം ബാലിശമാണ്.

കട്ടച്ചിറ തുടങ്ങി, കോടതിവിധികൾ നടപ്പായ പള്ളികളിൽ നിയമാനുസൃതമായും അംഗീകാരത്തോടെയും ആദരവോടെയും മൃതദേഹങ്ങൾ സംസ്കരിക്കുന്നു എന്നത് സെമിത്തേരി കയ്യേറുന്നു എന്ന ആരോപണത്തെ അപ്രസക്തമാക്കുന്നതായി അദ്ദേഹം പറഞ്ഞു.

പിറവം പള്ളിക്ക് പോലീസ് പ്രൊട്ടക്ഷൻ അനുവദിച്ചു

കൊച്ചി: പിറവം സെന്റ് മേരീസ് വലിയ പള്ളിയിൽ മതപരമായ ചടങ്ങുകൾ നടത്താൻ ഓർത്തഡോക്സ് വിഭാഗത്തിന് സംരക്ഷണം നൽകണമെന്ന് പൊലീസിന് ഹൈക്കോടതി നിർദേശം നൽകി. ഫാദർ സ്കറിയ വട്ടക്കാട്ടിൽ, കെ. പി. ജോൺ തുടങ്ങിയവർ നൽകിയ ഹർജിയിലാണ് വിധി.

സുപ്രീം കോടതി വിധി പ്രകാരമുള്ള നടപടികൾ പൊലിസ് സ്വീകരിക്കണം. ക്രമസമാധാന പ്രശ്നം ഇല്ലാതാക്കാൻ പൊലിസ് ഇടപെടണം. പിറവം പള്ളിയിൽ പ്രവേശിക്കാൻ അനുമതി വേണമെന്ന് ആവശ്യപ്പെട്ട് ഓർത്തഡോക്സ് വിഭാഗമാണ് ഹൈക്കോടതിയെ സമീപിച്ചത്. സുപ്രീം കോടതി വിധി അനുസരിച്ച് ഭരണചുമതല തങ്ങൾക്കാണെന്നും വിധി നടപ്പാക്കണമെന്നും ആവശ്യപ്പെട്ടാണ് ഓർത്തഡോക്സ് വിഭാഗം ഹൈക്കോടതിയെ സമീപിച്ചത്.

ഈ ഹർജിയിലാണ്, ഓർത്തഡോക്സ് വിഭാഗത്തിൻറെ ആരാധനാവകാശം സംരക്ഷിക്കാൻ പൊലീസ് സംരക്ഷണം നൽകണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിരിക്കുന്നത്.



കോതമംഗലം ചെറിയപള്ളിയിൽ തിരുശേഷിപ്പ് മോഷണം

കോതമംഗലം: ചെറിയപള്ളിയിൽ സംഘർഷം. പള്ളിയിൽ എത്തിയ വികാരി തോമസ് പോൾ റമ്പാന്റെ കാർ തല്ലിത്തകർത്തു. കോതമംഗലം എസ്.ഐ. ഉൾപ്പെടെ 10 പേർക്ക് പരുക്കേറ്റു. ഓർത്തഡോക്സ് സഭയിലെ തോമസ് പോൾ റമ്പാൻ, ഭദ്രാസന സെക്രട്ടറി ഫാ. ജെയ്സ് മാത്യു, ട്രസ്റ്റി ഫാ. എൽദോ ഏലിയാസ്, ജയിംസ് കട്ടക്കനായി, എം. എം. ഏബ്രഹാം എന്നിവരെ കോലഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഘർഷം നിയന്ത്രിക്കാൻ ശ്രമിക്കുന്നതിനിടയിൽ പരുക്കേറ്റ എസ്ഐ ദിലീഷിനെ ഗവ. ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ചെറിയപള്ളിയിൽ കബറടങ്ങിയിരിക്കുന്ന പ. ബസേലിയോസ് ബാവായുടെ തിരുശേഷിപ്പുകൾ കോഴിപ്പിള്ളി ചക്കലക്കുടി ചാപ്പലിലേയ്ക്കു നീക്കം ചെയ്യാൻ യാക്കോബായ സഭാംഗങ്ങൾ ശ്രമിക്കുന്നു എന്നറിഞ്ഞ് അതു തടയുന്നതിനാണ് തോമസ് പോൾ റമ്പാനും മറ്റും പള്ളിയിൽ എത്തിയത്. തോമസ് പോൾ റമ്പാന്റെ കാർ തടഞ്ഞതു സംഘർഷത്തിനിടയാക്കി.

കാറിൽ നിന്ന് ഇറങ്ങാതെ റമ്പാൻ തിരിച്ചു പോകണമെന്ന് അവിടെ കൂടിയവർ ആവശ്യപ്പെട്ടു. തുടർന്ന് റമ്പാന്റെ കാർ തള്ളി നീക്കുകയും കമ്പും കല്ലും ഉപയോഗിച്ച് ആക്രമിക്കുകയും ചെയ്തത്. ആക്രമണത്തിൽ ഫാ. ജയ്സ് മാത്യുവിന്റെ കണ്ണിനു പരുക്കേറ്റു. 15 മിനിറ്റ് നീണ്ട സംഘർഷത്തിനൊടുവിൽ പൊലീസ് സാഹസികമായാണ് റമ്പാന്റെ കാർ പ്രദേശത്ത് നിന്ന് മാറ്റിയത്.


ഏകപക്ഷീയമായ രീതിയിൽ തിരുശേഷിപ്പുകൾ നീക്കം ചെയ്യാനുള്ള ശ്രമമാണു യാക്കോബായ സഭ നടത്തിയതെന്നും ഇതിനെതിരെ ആർഡിഒ അടക്കമുള്ളവർക്കു പരാതി നൽകിയിട്ടും വേണ്ടത്ര ജാഗ്രത പുലർത്തിയില്ലെന്നും റമ്പാൻ പറഞ്ഞു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH





"സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പറിഞ്ഞു പോകും" (വി. മത്തായി 15:13)

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

പ്രിയ വിശ്വാസികളെ,

സ്ലീബാ പെരുന്നാളിനു ശേഷം 2-ാം ആഴ്ചയിൽ എത്തുമ്പോൾ സ്വർഗ്ഗസ്ഥനായ പിതാവിനാൽ നട്ടിട്ടില്ലാത്തതൊക്കെയും വേരോടെ പറിഞ്ഞുപോകും എന്ന സന്ദേശമാണ് രക്ഷകനിൽ നിന്നും നാം ശ്രവിക്കുന്നത്.

സ്ലീബാ പെരുന്നാൾ മുതൽ കൂദോസ്സ് ഈത്തോ വരെയുള്ള കാലം (ഏതാണ്ട് 49 ദിവസങ്ങൾ) സ്ലീബാ കാലം എന്നും യുഗാന്ത്യകാലമെന്നുമെല്ലാമാണ് പൗരസ്ത്യ സഭയുടെ ആരാധാന സംവത്സരത്തിൽ കണക്കാക്കുന്നത്).

നമ്മുടെ കർത്താവും ദൈവവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാര വ്യാപാരത്തെ കേന്ദ്രചിന്തയായി നിർത്തിക്കൊണ്ട് പ്രപഞ്ചത്തിന്റെ ആരംഭം മുതൽ കർത്താവിന്റെ രണ്ടാമത്തെ വരവും തുടർന്നുണ്ടാകുന്ന നിത്യതയും വരെയുള്ള സംഭവങ്ങളാണല്ലോ ഓരോ ആരാധനാവർഷവും പ. സഭ ധ്യാനിക്കുന്നത്. ഏഴു കാലങ്ങളും, ഓരോ കാലങ്ങളിലും ശരാശരി ഏഴ് ആഴ്ചകളും ഓരോ ആഴ്ചകളിലും ഏഴു വിധം ദിവസങ്ങളുമായുള്ള ഏറെ ശാസ്ത്രീയവും വേദശാസ്ത്രപരവുമായ ഒരു സമീപനമാണ് പ. പിതാക്കന്മാർക്ക് ദൈവാത്മാവ് വെളിപ്പെടുത്തി കൊടുത്തിട്ടുള്ളത്. ഈ ക്രമീകരണത്തിലെ അവസാന കാലമാണ് സ്ലീബാ മുതൽ കൂദോസ്സ് ഈത്തോ വരെയുള്ള കാലം.

'ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു' എന്ന വാക്യത്തിലാണല്ലോ വി. വേദപുസ്തകം ആരംഭിക്കുന്നത്. തുടർന്ന് ചരിത്രത്തിൽ നിരന്തരമായി ഇടപെടുന്ന ജീവനുള്ള ദൈവത്തിന്റെ രക്ഷണ്യ പദ്ധതിയുടെ നാൾവഴിയായി പഴയനിയമ പുസ്തകങ്ങളെ കാണാം. കാലത്തികവിൽ സ്രഷ്ടാവായ ദൈവം സൃഷ്ടിയായി തീർന്ന്, മനുഷ്യാവതാരം ചെയ്ത്, ലോകത്തിൽ വ്യാപരിച്ച് തന്റെ സൃഷ്ടിക്ക് മോചനം നൽകിയ ചരിത്രവും അതിന്റെ തുടർച്ചയും പുതിയനിയമ പുസ്തകങ്ങളിൽ വെളിപ്പെടുന്നു. ഒടുവിൽ അവസാന വാക്യത്തിൽ "അതേ, ഞാൻ വേഗം വരുന്നു" എന്ന് അരുളിച്ചെയ്യുന്നു. "ആമേൻ. കർത്താവായ യേശുവേ, (വേഗം) വരേണമേ, കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ, ആമേൻ" (വെളിപ്പാട് 22:20, 21) എന്ന് വി. സഭ ധ്യാനിക്കുന്നു.

പ. സഭയുടെ വിശ്വാസപ്രമാണവും ഇതേ ക്രമത്തിലാണെന്ന് ഓർക്കുമല്ലൊ. "സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും... സ്രഷ്ടാവായ" എന്നു തുടങ്ങി "മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി നോക്കിപാർക്കുന്നു" എന്ന വിശ്വാസമാണ് വിശ്വാസികൾ ദിവസവും മൂന്നു തവണയെങ്കിലും വിശ്വസിച്ച് ഏറ്റുപറയുന്നത്."

വി. കൂദാശകളുടെ മകുടമായ വി. കുർബാനയിലും സൃഷ്ടിയുടെ ആരംഭം മുതൽ നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവും നിത്യതയുടെ പുതിയ ആകാശവും ഭൂമിയും വരെയുള്ള സർവ്വകാര്യങ്ങളും ധ്യാനചിന്തയായി വരുന്നുവെന്ന് ഓർക്കണം.

സ്ലീബാ പെരുന്നാൾ മുതലുള്ള വേദവായന ക്രമത്തിൽ ലോകാവസാനവും പുതിയ ലോകത്തിന്റെ ആരംഭവും പ്രധാന ചിന്തകളായി ആവർത്തിക്കുന്നത് ശ്രദ്ധിച്ചിരിക്കുമല്ലോ. ആയതിനെ കുറിച്ചുള്ള പഴയനിയമ ചിന്തകളും പ്രവചനങ്ങളും വായിച്ച് ധ്യാനിച്ചശേഷം പുതിയനിയമ കാഴ്ചപ്പാടുകളിലൂടെ വി. ഏവൻഗേല്യോനിലെത്തുമ്പോൾ തന്റെ രണ്ടാമത്തെ വരവിനായി എപ്രകാരം നാം ഒരുങ്ങണമെന്ന് കർത്താവ് പഠിപ്പിക്കുന്നതായി കാണാം. ഈ ചിന്താ പദ്ധതിയുടെ ഉദാഹരണമാണ് ഈ ആഴ്ചയിലെ വേദവായനാ ഭാഗങ്ങൾ.

പുതിയ രാജ്യത്തിന്റെ ക്രമീകരണത്തിന്റെയും ദൃഷ്ടാന്തമായിട്ടാണ് ഇസ്രായേൽ ഗോത്രത്തിന്റെ മിസ്രയീമിലേക്കുള്ള പ്രയാണത്തെ പിതാക്കന്മാർ വ്യാഖ്യാനിക്കുന്നത്. യൗസേഫ് മിസ്രയിമിലേക്ക് വില്ക്കപ്പെടുന്നതും അവിടെ അദ്ദേഹം ഭരണാധികാരിയാവുന്നതുമൊക്കെ ഇസ്രായേലിന്റെ രക്ഷാപദ്ധതിയുടെ ഭാഗമായിരുന്നുവല്ലൊ. ആദ്യ വായന (ഉല്പത്തി 42-ാം അദ്ധ്യായം) ഈ പദ്ധതിയെയാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. താല്ക്കാലിക പ്രതിസന്ധികൾ വരുമ്പോൾ നാം തളർന്നുപോകാറുണ്ട്. എന്നാൽ വലിയ രക്ഷാപദ്ധതിയിലേക്ക് ഒരുക്കമായിട്ടാണ് ദൈവം പ്രവർത്തിക്കുന്നത് എന്ന് മനസ്സിലാക്കുവാൻ യാക്കോബിന്റെ അനുഭവത്തേക്കാൾ മെച്ചമായത് ഉണ്ടെന്ന് തോന്നുന്നില്ല.

ശലോമോൻ രാജാവിന്റെ അനുഭവവും പ്രാർത്ഥനയുമാണ് അടുത്ത ഉദാഹരണമായി കാണുന്നത് (1 രാജാക്കന്മാർ 3-ാം അദ്ധ്യായം). "ആകയാൽ ഗുണവും ദോഷവും തിരിച്ചറിഞ്ഞു നിന്റെ ജനത്തിനു ന്യായപാലനം ചെയ്യാൻ വിവേകമുള്ളൊരു ഹൃദയം തരേണമേ" എന്നാണ് അദ്ദേഹത്തിന്റെ പ്രാർത്ഥന." പുതിയ രാജ്യത്തിന്റെ അടയാളം ദീർഘായുസ്സോ, സമ്പത്തോ, ശത്രുസംഹാരമോ ഒന്നുമല്ല, വിവേകമാണ് എന്ന് ഈ വായനയിൽ വ്യക്തമാകുന്നു.

"യാക്കോബേ, ഞാൻ വിളിച്ചിരിക്കുന്ന ഇസ്രായേലെ എന്റെ വാക്കു കേൾക്ക" എന്നു തുടങ്ങി സർവ്വത്തിന്റെയും സ്രഷ്ടാവായ ദൈവം വീണ്ടെടുപ്പിന്റെ വഴികളിലൂടെ ജനതയെ നടത്തുന്നുവെന്ന് പ്രഖ്യാപിക്കുന്ന ഭാഗമാണ് യെശയ്യാവിൽ നിന്നും (48:12-16) നാം കേൾക്കുന്നത്. പ്രപഞ്ചത്തിന്റെ ആരംഭം മുതൽ നിരന്തരമായി അതിൽ വ്യാപരിക്കുന്ന ദൈവാത്മാവിന്റെ സാന്നിധ്യം യെശയ്യാവ് ഉറപ്പിച്ച് പ്രവചിക്കുന്നുണ്ട്.

ക്രിസ്തുവിലും അവന്റെ സുവിശേഷത്തിലും ആരംഭിച്ച പുതിയ ഭരണക്രമത്തെ ഇല്ലായ്മ ചെയ്യുവാൻ ശ്രമിക്കുന്നവരോട് സർവ്വജനത്തിനും ബഹുമാനമുള്ള ധർമ്മോപദേഷ്ടാവായ ഗമാലിയേൽ നല്കുന്ന ഉപദേശമാണ് പൊതുവിന്റെ ലേഖനത്തിലെ പ്രതിപാദ്യം (അ. പ്രവൃത്തികൾ 5:33-42). ചരിത്രം ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പ്രസ്താവിക്കുന്നത് ശ്രദ്ധേയമാണ്: "മാനുഷമായത് നശിച്ചു പോകും. എന്നാൽ ദൈവീകം എങ്കിലോ നിങ്ങൾക്ക് അത് നശിപ്പിപ്പാൻ കഴികയില്ല. നിങ്ങൾ ദൈവത്തോട് പോരാടരുത്." നശിച്ചു പോകാതെ 2000 വർഷത്തിലധികം അത് ലോകമെമ്പാടും നിലനിന്ന് വളരുന്നുവെന്ന് ഓർക്കുമ്പോൾ ദൈവ വചനത്തിന്റെ ശക്തിയെ നമുക്ക് അവഗണിക്കുവാൻ കഴിയുകയില്ലല്ലൊ. ഇതേ ആശയം തന്നെ പ. പൗലോസ് ശ്ലീഹാ കൊരിന്ത്യരേയും പഠിപ്പിക്കുന്നു (1 കൊരി. 2:14-3:3). തുടർന്നാണ് വി. ഏവൻഗേല്യോൻ ഭാഗങ്ങളിൽ (വി. മത്തായി 14, 15, 16 അദ്ധ്യായങ്ങൾ) കർത്താവിന്റെ വാക്കുകളിലൂടെ തന്നെ തന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചും ആയതിന് ആവശ്യമായ മുന്നൊരുക്കങ്ങളെ കുറിച്ചും വ്യക്തമാക്കുന്നത്.

പഴയതിലെ നന്മകളെ സ്വാംശീകരിക്കുകയും പുതിയതിലേക്ക് പ്രതീക്ഷയോടെ ഒരുങ്ങുകയും ചെയ്യുവാൻ പഠിപ്പിക്കുന്ന കർത്താവിനെയാണ് ഈ വേദഭാഗങ്ങളിൽ കാണുന്നത്. പുളിമാവിന്റെ ഉദാഹരണത്തിലൂടെ ശിഷ്യന്മാരെ ഈ പാഠം ഭംഗിയായി കർത്താവ് പഠിപ്പിക്കുന്നത് കാണാം. തന്നിലേക്ക് അടുത്തു വരുകയും തന്നിൽ പൂർണ്ണമായി വിശ്വസിച്ച് രൂപാന്തരപ്പെടുകയും ചെയ്യുന്ന ഒരു സമൂഹത്തെയും അവിടെ ദർശിക്കുന്നുണ്ട്. അവരോടൊപ്പം അവരുടെ ജീവന്റെയും അതിജീവനത്തിന്റെയും അപ്പവും ആത്മാവുമായി തന്റെ സാന്നിധ്യം എപ്പോഴും ഉണ്ടെന്നും ഇവിടെ കാണുന്നു.

സമ്പ്രദായ ലംഘനങ്ങളെ കുറിച്ച് എപ്പോഴും പരാതിപ്പെടുന്ന പരീശക്കൂട്ടത്തെ കർത്താവ് ശാസിക്കുകയും തിരിക്കുകയും ചെയ്യുന്നുണ്ട്. "നിങ്ങളുടെ സമ്പ്രദായംകൊണ്ട് നിങ്ങൾ ദൈവകല്പന ലംഘിക്കുന്നത് എന്തുകൊണ്ട്" എന്ന് കർത്താവ് ഉദാഹരണം നിരത്തി അവരോട് ചോദിക്കുന്നു.

"അധരംകൊണ്ട് ദൈവത്തെ ബഹുമാനിക്കുന്നതായി അഭിനയിക്കുകയും ജീവിതം കൊണ്ട് സ്രഷ്ടാവിനെ പരിഹസിക്കുകയും ചെയ്യുന്ന പരീശകൂട്ടത്തിന്റെ പിൻതലമുറക്കാരാണോ നാം എന്ന് ഈ ദിവസങ്ങളിൽ വിലയിരുത്തണം."

ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് പിതാവായ ദൈവം നട്ടതു മാത്രമേ വളരൂ എന്ന പ്രാപഞ്ചിക സത്യം കർത്താവ് തന്റെ ശിഷ്യഗണത്തെ പഠിപ്പിക്കുന്നത്. ദൈവത്തിൽ നിന്നും ഉത്ഭവിക്കാത്തവ ചുവടോടെ നശിക്കും എന്ന ഗമാലിയേൽ തത്വവും ഇതു തന്നെയാണ്. അനുദിന ജീവിതത്തിൽ എത്രയോ ഉദാഹരണങ്ങൾ ആണ് ഈ തത്വത്തിന്റെ സാധൂകരണമായി കാണുന്നത്.

ചരിത്രത്തിൽ വിസ്മൃതിയിൽ അകപ്പെട്ട ഒരു പിതാവിനെ ഏതാണ്ട് 50 വർഷങ്ങൾക്കുശേഷം കണ്ടെത്തി അദ്ദേഹത്തിന്റെ ഭൗതികശരീര അവശിഷ്ടം എല്ലാ ബഹുമതികളോടെയും ആദരിച്ച് ദേവാലയത്തിൽ പ്രതിഷ്ഠിക്കുവാനും ഓർമ്മപെരുന്നാൾ ആഘോഷിക്കുവാനും മലങ്കരസഭയ്ക്ക് കഴിയുന്നു. പ. അൽവാറിസ് യൂലിയോസ്സ് പിതാവിന്റെ 96-ാം ഓർമ്മപ്പെരുന്നാൾ ഗോവയിലെ പഞ്ചീം ദേവാലയത്തിൽ അടുത്ത ദിവസം ആഘോഷിക്കുമ്പോൾ പ. സഭ ധന്യ നിമിഷങ്ങളിലാണെന്ന് ഓർക്കണം.

ഒപ്പം പിതാക്കന്മാരുടെ കബറിടങ്ങൾ അതിക്രമിച്ച് പൊളിക്കുകയും പരിശുദ്ധന്മാരെ അനാദരിക്കുകയും ചെയ്യുന്ന സംഭവങ്ങളും ഏറെ ഞെട്ടലോടെ കഴിഞ്ഞ ദിവസം നാം കണ്ടു. നുണയിൽ ജനിച്ച് നുണയിൽ വളരുവാൻ ശ്രമിക്കുന്നവർ അവരുടെ പ്രവർത്തികൾ കൊണ്ട് തന്നെ വേരോടെ പിഴുത് എറിയപ്പെട്ട് ദൈവത്തിന്റെ പ. സഭയിൽ നിന്നും എല്ലാ കളകളും മാറ്റപ്പെടുകയും പ. മാർത്തോമ്മാ ശ്ലീഹായാൽ മലങ്കരയിൽ നടപ്പെടുകയും അദ്ദേഹത്തിന്റെ ശ്ലൈഹിക പാരമ്പര്യത്തിലുള്ള പ. യൽദോ മാർ ബസ്സേലിയോസ് ഉൾപ്പെടെയുള്ള പൗരസ്ത്യ കാതോലിക്കാമാർ ജീവത്യാഗത്തിലൂടെ നിലനിർത്തിയതും പ. അബ്ദേദ് മശിഹായെപ്പോലെയും പ. വട്ടശേരിൽ തിരുമേനിയെപ്പോലെയുമുള്ള പുണ്യപിതാക്കന്മാരാൽ പരിലാളിക്കപ്പെട്ടതുമായ പ. മലങ്കരസഭയാകുന്ന തരു ഭൂമിയിൽ നടപ്പെട്ട് ആകാശത്തോളം നമ്മുടെ കർത്താവിന്റെ രണ്ടാം വരവു വരെ അവനെ മഹത്വപ്പെടുത്തി കൊണ്ട് വളരുക തന്നെ ചെയ്യും. ദൈവം അനുഗ്രഹിക്കട്ടെ.

"മാർത്തോമ്മാ നിന്നെ പ്രസവിച്ചോൾ ധന്യ
ഏദനിൽ നട്ട മനോഹരമാം തരുവല്ലോ നീ
ദീനന്മാർക്കുതകും ഫലമേകുന്നോരീ
തരുവിൻ വേരുകളീ ധരയിൽ തല സ്വർഗ്ഗത്തിൽ."

❑



ഫാ. ടി.ജെ. ജോഷ്വ പ്രകാശ ഗോപുരം: കാതോലിക്കാ ബാവാ

കോട്ടയം: സർവമതങ്ങളാലും ആദരിക്കപ്പെടുന്ന സമാനതകളില്ലാത്ത ആചാര്യ ശ്രേഷ്ഠനാണ് ഫാ. ഡോ. ടി.ജെ. ജോഷ്വ എന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. വേദശാസ്ത്ര പണ്ഡിതനും എഴുത്തുകാരനുമായ ഫാ.ടി.ജെ. ജോഷ്വയുടെ നവതിയുടെ ഭാഗമായി തുടക്കം കുറിക്കുന്ന ജീവകാരുണ്യ സംരംഭമായ ഫാ. ഡോ. ടി.ജെ. ജോഷ്വ ഫൗണ്ടേഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു കാതോലിക്കാ ബാവാ.

മലയാള മനോരമയിലൂടെ പ്രസിദ്ധീകരിക്കുന്ന ഫാ. ടി.ജെ. ജോഷ്വയുടെ 'ഇന്നത്തെ ചിന്താവിഷയം' ലക്ഷക്കണക്കിനു ജനങ്ങൾക്ക് ആശ്വാസമേകുന്നു. ജീവിതത്തിലെ എല്ലാ തലങ്ങളിലും പ്രകാശ ഗോപുരം പോലെയാണ് ഫാ. ഡോ. ടി.ജെ. ജോഷ്വയുടെ ജീവിതം. രോഗവും കഷ്ടപ്പാടുകളും ചിരിച്ച മുഖത്തോടെ അഭിമുഖീകരിച്ച അപൂർവ വ്യക്തിത്വമാണ് ഫാ.ജോഷ്വയെന്ന് ബാവാ പറഞ്ഞു.സ്നേഹത്തിന്റെ തനിരൂപമാണ് ഫാ. ടി. ജെ. ജോഷ്വയെന്ന് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത എൻഎസ്എസ് പ്രസിഡന്റ് പി.എൻ. നരേന്ദ്രനാഥൻ നായർ പറഞ്ഞു. തന്റെ കളിക്കൂട്ടുകാരനായി വളർന്ന ഫാ. ഡോ. ടി. ജെ. ജോഷ്വ ഉയർന്ന ചിന്തയും എഴുത്തും കൊണ്ട് സമൂഹത്തിലെ ഉന്നത സ്ഥാനത്ത് എത്തിയതിൽ അഭിമാനിക്കുന്നു എന്നും അദ്ദേഹം പറഞ്ഞു.

ഡോ. മാത്യൂസ് മാർ സേവേറിയോസ് ആചാര്യവന്ദനം നടത്തി. ഫൗണ്ടേഷൻ സെക്രട്ടറി ഫാ. തോമസ് കുര്യൻ മരോട്ടിപ്പുഴ പ്രവർത്തനരേഖ അവതരിപ്പിച്ചു. ശാന്തിഗിരി ആശ്രമം ഓർഗനൈസിങ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അനുഗ്രഹ സന്ദേശം നൽകി. ഫൗണ്ടേഷൻ പ്രസിഡന്റ് ഡോ. സിറിയക് തോമസ്, ഫൗണ്ടേഷൻ ട്രഷറർ തോമസ് ടി. ജോൺ, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, സ്വാമി ബോധി തീർഥ, റവ ഇ.ജെ. ജോർജ് എന്നിവർ പ്രസംഗിച്ചു. ടി.എസ്. അബ്ദുൽ കരിം മൗലവി, റവ. ഇ. ജെ. ജോർജ്, സ്വാമി പ്രകാശാനന്ദ എന്നിവരെ ഉപഹാരം നൽകി ആദരിച്ചു.

സഭാക്കേസ്: 2017-ലെ വിധിക്ക് വിരുദ്ധമായ ഉത്തരവു നൽകരുതെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: മലങ്കര സഭയ്ക്കു കീഴിലുള്ള പള്ളികൾ 1934ലെ ഭരണഘടനയുടെ അടിസ്ഥാനത്തിലുള്ള അധികാരങ്ങൾ പ്രകാരമാണു ഭരിക്കേണ്ടതെന്ന വിധിക്ക് (2017) വിരുദ്ധമായ രീതിയിൽ ഉത്തരവുകൾ നൽകുന്നതിൽ നിന്ന് ഹൈക്കോടതിയെയും കീഴ്ക്കോടതികളെയും സുപ്രീം കോടതി വിലക്കി.

ഇനി കൂടുതൽ വ്യവഹാരങ്ങൾക്ക് അവസരമില്ലെന്നും അവശേഷിക്കുന്ന എല്ലാ കേസുകളും 2017-ൽ കെ. സി. വർഗീസ് കേസിൽ നൽകിയ വിധിയുടെ അടിസ്ഥാനത്തിൽ തീർപ്പാക്കണമെന്നും കോടതി വ്യക്തമാക്കി. സഭാതർക്കവുമായി ബന്ധപ്പെട്ട നിലവിലുള്ള കേസുകളുടെ പട്ടിക 3 മാസത്തിനകം ലഭ്യമാക്കണമെന്നും ജസ്റ്റിസ് അരുൺ മിശ്ര അധ്യക്ഷനായ ബെഞ്ച് ഹൈക്കോടതി റജിസ്ട്രാർ ജനറലിനോടു നിർദേശിച്ചു.

എറണാകുളം കണ്ടനാട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ 6നു നൽകിയ ഉത്തരവിലാണു നിർദേശമുള്ളത്. ഉത്തരവ് ഇന്നലെയാണു പുറത്തുവന്നത്.കണ്ടനാട് പള്ളിയിൽ ഓരോ ആഴ്ച ഇടവിട്ട് ഓർത്തഡോക്സ്, യാക്കോബായ വിഭാഗങ്ങൾക്ക് ആരാധനാ സൗകര്യം അനുവദിച്ചു കഴിഞ്ഞ മാർച്ച് 8നു ഹൈക്കോടതി സിംഗിൾ ബെഞ്ച് നൽകിയ ഉത്തരവിനെതിരെ പള്ളി വികാരി ഐസക് മട്ടുമ്മേൽ കോർഎപ്പിസ്കോപ്പ നൽകിയ ഹർജിയിലാണ് ഉത്തരവ്. ഹൈക്കോടതി ജഡ്ജിയെ അന്നു സുപ്രീം കോടതി വാക്കാൽ നിശിതമായി വിമർശിച്ചിരുന്നു. ഉത്തരവിൽ പറയുന്നത്:

❑ ഭരണഘടനയുടെ 141ാം വകുപ്പുപ്രകാരം, സുപ്രീം കോടതി പ്രഖ്യാപിക്കുന്ന നിയമം രാജ്യത്തെ എല്ലാ കോടതികൾക്കും ബാധകമാണ്. 144-ാം വകുപ്പനുസരിച്ച്, ഇന്ത്യയിലെ എല്ലാ സിവിൽ, ജുഡീഷ്യൽ അധികാരികൾക്കും സുപ്രീംകോടതിയെ സഹായിക്കാൻ ബാധ്യതയുണ്ട്. കേരളവും ഇന്ത്യയുടെ ഭാഗമായതിനാൽ ബന്ധപ്പെട്ടവർക്ക് അതിനൊത്തു പ്രവർത്തിക്കാൻ ബാധ്യതയുണ്ട്.

❑ സഭയിൽ സമാധാനമുണ്ടാകണമെന്നാണ് സുപ്രീം കോടതി താൽപര്യപ്പെട്ടത്. എന്നാൽ, വിരുദ്ധമായ ഉത്തരവുകൾ വരുന്നതിനാൽ സുപ്രീം കോടതി നിർദേശിച്ച നിയമം നടപ്പാക്കാനാവാത്ത സ്ഥിതിയാണ്. ഇതു വിധിയുടെ ലംഘനമാണ്. ഭാവിയിൽ ഇത്തരം നടപടികളുണ്ടായാൽ അതു ഗൗരവത്തിലെടുക്കും.

❑ ഹൈക്കോടതി റജിസ്ട്രാർ ജനറൽ ഉടനെ ഉത്തരവിന്റെ പകർപ്പ് സംസ്ഥാനത്തെ എല്ലാ കോടതികൾക്കും ബന്ധപ്പെട്ട അധികാരികൾക്കും ലഭ്യമാക്കണം.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH



സഭാപിതാക്കന്മാർ

അൽവാറീസ് തിരുമേനിയുടെ പുനരൈക്യം

കെ. വി. മാമ്മൻ

പതിനാറാം നൂറ്റാണ്ടിൽ ഇന്ത്യയിൽ പ്രചരിച്ച റോമൻ കത്തോലിക്കാ സഭയിൽ ജനിച്ചു വളരുകയും സെമിനാരിയിൽ പഠിച്ച് ഉത്തമനായ ഒരു വൈദികനായി ഉയരുകയും ചെയ്ത ഫാ. അൽവാറീസിനു താൻ ഉയർത്തിയ വിമർശനങ്ങളുടെ പേരിൽ പോർട്ടുഗീസ് ഗവൺമെന്റിന്റെ പീഡനം സഹിക്കേണ്ടിവന്നു. കത്തോലിക്കാസഭയുടെ അസഹനീയമായ മർദ്ദനങ്ങളും ദുരുപദേശങ്ങളും മൂലം കത്തോലിക്കാസഭയോടു വിടപറഞ്ഞ് അദ്ദേഹം മലങ്കര ഓർത്തഡോക്സ് സഭയിൽ ചേരുകയും പിന്നീട് ഒരു മെത്രാപ്പോലീത്തായായി വാഴിക്കപ്പെടുകയും ചെയ്തതുമൂലം അദ്ദേഹം പുനരൈക്യ പ്രസ്ഥാനത്തിന്റെ ഭാരതനക്ഷത്രമായി മാറി.

1836 ഏപ്രിൽ മാസത്തിൽ ഗോവയിൽ ജനിച്ച അൽവാറീസ് 1859-ൽ 23-ാമത്തെ വയസ്സിൽ ദൈവശാസ്ത്ര ബിരുദം നേടി. അക്കാലത്തു റോമൻ കത്തോലിക്കാ സഭയുടെ ആഭ്യന്തര ഭരണ സംവിധാനങ്ങൾ വളരെ മോശമായിരുന്നു. സെമിനാരി പഠനം കഴിഞ്ഞ അൽവാറീസിന് വൈദിക സേവന പ്രവർത്തനത്തിനുള്ള അവസരം നിഷേധിക്കപ്പെട്ടു. ഇതിനെതിരെ അദ്ദേഹം ശക്തമായ വിമർശനം നടത്തി. തുടർന്ന് അദ്ദേഹം കൂടുതൽ പഠിക്കാനായി ബോംബെയിൽ പോയി എട്ടു വർഷം അവിടെ താമസിച്ചു. അവിടെ ഒരു ജസ്യൂട്ട് സ്കൂളിൽ അദ്ധ്യാപകവൃത്തി സ്വീകരിച്ചു. 1862-ൽ വൈദികനായ അൽവാറീസ് അഞ്ചു വർഷം ബോംബെയിൽ നല്ല സേവനം ചെയ്തു. ബോംബെ വാസത്തിനിടയിൽ ഇംഗ്ലീഷിൽ അവഗാഹം നേടാനും നല്ലവണ്ണം പ്രസംഗിക്കാനും മാസികകളിൽ എഴുതാനും ഒട്ടധികം പ്രമുഖ വ്യക്തികളെ പരിചയപ്പെടാനും സാധിച്ചു. പിന്നീട് ഗോവയിലെ സ്വന്തം ജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കാൻ ആഗ്രഹിച്ച അൽവാറീസ് ഗോവയിലേക്കു മടങ്ങി. പട്ടിണിയും രോഗവും മൂലം വലഞ്ഞുകൊണ്ടിരുന്ന ഗോവയിലെ പാവപ്പെട്ടവരുടെ ഇടയിൽ സേവന പ്രവർത്തനങ്ങൾ നടത്തുകയും മറ്റു ചില വൈദികരെ കൂട്ടിച്ചേർത്ത് 1871-ൽ ഒരു ചാരിറ്റബിൾ അസോസിയേഷൻ രൂപവൽക്കരിച്ച് പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും ചെയ്തു. ഭിക്ഷക്കാരെയും അംഗവൈകല്യമുള്ളവരെയും തേടിപ്പിടിച്ചു പുനരധിവസിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ച ഫാ. അൽവാറീസ് അവർക്ക് ഒരു മാലാഖയായി മാറി.

പഞ്ചിമിൽ 1877-ൽ ഒരു സ്കൂൾ അദ്ദേഹം ആരംഭിച്ചു. 1878-ൽ ഗോവയിൽ കോളറ പടർന്നുപിടിച്ചതിനെത്തുടർന്ന് അദ്ധ്യാപകർക്കും കുട്ടികൾക്കും പഠിക്കാനാവാതെ സ്കൂൾ നിന്നുപോയി. രോഗികളെ ശുശ്രൂഷിക്കുന്നതിനും സ്വന്തം വീട്ടിൽ തന്നെ പാർപ്പിക്കുന്നതിനും പണമില്ലാത്തവരെ സേവിക്കാൻ പണക്കാരോടു പണം കടം വാങ്ങി പ്രവർത്തിക്കാനും മരുന്നു വിതരണം ചെയ്യാനും ഫാ. അൽവാറീസ് ചെയ്ത ശ്രമങ്ങൾ വിവരണാതീതമാണ്.

എട്ടു വർഷം കഴിഞ്ഞ് 1885-ൽ വീണ്ടും ഗോവയിൽ കോളറ വന്നപ്പോൾ ശതക്കണക്കിനു പാവപ്പെട്ടവർ മരിച്ചു. ഉടൻതന്നെ ജനങ്ങൾ രോഗത്തെ സംബന്ധിച്ചു ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റി ഫാ. അൽവാറീസ് പോർട്ടുഗീസ് ഭാഷയിൽ ഒരു പുസ്തകം എഴുതി സൗജന്യമായി വിതരണം ചെയ്തു. അടുത്ത വർഷം കൊളംബോയിൽ കോളറ പൊട്ടിപ്പുറപ്പെട്ടപ്പോൾ ഈ പുസ്തകം ഇംഗ്ലീഷിലാക്കി അവിടെ വിതരണം ചെയ്തു.

മാസികകളിൽ എഴുതിയ വിമർശനപരമായ ലേഖനങ്ങൾ റോമൻ കത്തോലിക്കാ സഭയ്ക്കും പോർട്ടുഗീസ് ഭരണകൂടത്തിനും ഒട്ടും രസിച്ചില്ല. അദ്ദേഹം നടത്തിവന്ന മാസിക ഭരണകൂടം നിരോധിച്ചു. ഇതിനുശേഷവും മാസിക പ്രസിദ്ധീകരിച്ചതിനു റോമൻ സഭ ഫാ. അൽവാറീസിനെ മുടക്കി. മാസിക നിരോധിച്ചതിനെതിരെ ഫാ. അൽവാറീസ് കോടതിയിൽ കേസു കൊടുത്തു ജയിച്ചു എങ്കിലും മുടക്കാൻ ബിഷപ്പിന് അധികാരമുണ്ടെന്ന് വ്യക്തമാക്കപ്പെട്ടു. തുടർന്ന് ഫാ. അൽവാറീസ് സത്യം എന്ന പേരിൽ ആരംഭിച്ച മാസികയിൽ കടുത്ത വിമർശനങ്ങൾ നടത്തി. മുടക്കപ്പെട്ടശേഷം ഫാ. അൽവാറീസ് 'സ്വതന്ത്ര കാതലിക് മിഷൻ' എന്ന സ്ഥാപനം ആരംഭിച്ചു. കത്തോലിക്കാസഭയുടെ കപട ആത്മീയതയേയും സമ്പന്നരുടെ മദ്യപാനത്തേയും അധാർമ്മിക ജീവിതത്തെയും നിശിതമായി എതിർത്തപ്പോൾ ഫാ. അൽവാറീസിന് പാവപ്പെട്ടവരുടെ പിന്തുണ മാത്രമേ ലഭിച്ചിരുന്നുള്ളു. ജീവരക്ഷാർത്ഥം കോളംബോയിൽ പോയ ഫാ. അൽവാറീസിനെ അവിടെ വച്ചുപദ്രവിക്കാനും കത്തോലിക്കാ സഭ ശ്രമിച്ചു. ഒടുവിൽ മംഗലാപുരത്ത് തിരിച്ചെത്തിയ ഫാ. അൽവാറീസ് ശത്രുവലയത്തിൽ നിന്നു ബുദ്ധിപൂർവ്വം രക്ഷപ്പെട്ടു. എങ്കിലും ശത്രുക്കൾ അദ്ദേഹത്തെ എന്നും പിന്തുടർന്നിരുന്നു.



ഓർമ്മ സെപ്റ്റംബർ 23-ന് ഗോവാ പഞ്ചിം പള്ളിയിൽ

ബ്രഹ്മവാർ മിഷന്റെ ആരംഭം

മംഗലാപുരം തുറമുഖത്ത് കപ്പലിൽ എത്തിയപ്പോൾ അവിടെ വലിയ ബഹളവും കലഹവുമാണെന്നറിഞ്ഞ് അൽവാറീസ് ഉടനെതന്നെ അവിടെ നിന്ന് ബ്രഹ്മവാറിലേക്ക് പോയി. ഉഡുപ്പി താലൂക്കിൽ ഉഡുപ്പി പട്ടണത്തിൽ നിന്ന് 13 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന ഈ സ്ഥലത്ത് നേരത്തെ തന്നെ അൽവാറീസിന് സ്വന്തം സ്ഥലമുണ്ടായിരുന്നു. കല്ലിയാംപുരി നദിയുടെ സമീപത്തുള്ള ഫലഭൂയിഷ്ഠമായ ഈ പ്രദേശം ഒരു ആസ്ഥാനമാക്കുവാൻ ഈ വൈദികൻ തീരുമാനിച്ചു. താൻ അവിടെ എത്തിയപ്പോൾ റോമൻ കത്തോലിക്കാ സഭയിൽ

നിന്ന് വിഘടിച്ചു നിൽക്കുന്ന ആയിരത്തിലധികം കുടുംബങ്ങൾ അവിടെയുണ്ടായിരുന്നു. ഫാ. അൽവാറീസിന്റെ ഉപദേശം സ്വീകരിച്ച് ആ കുടുംബങ്ങൾ മലങ്കര ഓർത്തഡോക്സ് സഭയിലേക്ക് ചേർന്നു. മാത്രമല്ല 'ബ്രഹ്മവാർ മിഷൻ' എന്ന പേരിൽ ഒരു സുവിശേഷ സമൂഹം കെട്ടിപ്പടുക്കുവാനും തനിക്ക് സാധിച്ചു.


ഈ സമയത്താണ് റോമൻ കത്തോലിക്കാ സഭയിൽ നിന്നും പ്രസിദ്ധനായ ഒരു പട്ടക്കാരൻ കൂടി മുടക്കിന് വിധേയനായത്. ഫാ. നൊറോണാ, ഒരു പുരാതനവും പ്രസിദ്ധവുമായ കുടുംബത്തിലെ അംഗമാണ്. വളരെ നല്ല സേവനം ചെയ്തുകൊണ്ടിരുന്ന റോമൻ കത്തോലിക്കാ പുരോഹിതനായ അദ്ദേഹം സൽസ്വഭാവിയായി അറിയപ്പെട്ടിരുന്നു. എന്നാൽ കത്തോലിക്കാ സഭയിലെ പ്രൊപ്പഗാൻഡോ എന്ന വിഭാഗക്കാർ വ്യക്തിപരമായ വിരോധംകൊണ്ട് അദ്ദേഹത്തിനെതിരായി കള്ളക്കഥകൾ പറഞ്ഞുപരത്തി. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്നത്തെ ഗോവാ ആർച്ച്ബിഷപ്പ് ഡോംവാലെന്റെ, ഫാദർ നൊറോണായെ 1889 ജനുവരി 4-നു കത്തോലിക്കാ സഭയിൽ നിന്ന് മുടക്കിയതായി കല്പന ഇറക്കി. ഫാ. നെറോണ അങ്ങനെ ശിക്ഷണ നടപടികൾക്ക് വിധേയനായി വളരെ കഷ്ടാവസ്ഥയിലാണ് എന്ന് അൽവാറീസിന് അറിവു കിട്ടി. പെട്ടെന്ന് ഫാദർ അൽവാറീസ് തന്റെ വിശ്വസ്ത സഹപ്രവർത്തകനായിരുന്ന പാസണ്ണാ എന്നൊരാളിനെ മറ്റു മൂന്നു പേരെയും കൂട്ടി ബ്രഹ്മവാറിൽ നിന്ന് ഫാ. നൊറോണായുടെ അടുക്കൽ അയച്ചു. അവിടെയുള്ള കഷ്ടപ്പാടിൽ നിന്ന് രക്ഷപ്പെട്ട് ഉടനെ ബ്രഹ്മവാറിൽ എത്തിച്ചേരണമെന്നും സ്വതന്ത്രസഭയായ മലങ്കര ഓർത്തഡോക്സ് സഭയിൽ ചേരണമെന്നും അതിൽ പ്രവർത്തിക്കണമെന്നും സന്ദേശം അയച്ചു. അതു ലഭിച്ചപ്പോൾ അദ്ദേഹം ബ്രഹ്മവാറിൽ എത്തിച്ചേർന്നു. ഫാ. അൽവാറീസിനെ കണ്ട് ഓർത്തഡോക്സ് സഭയിൽ ചേർന്നു പ്രവർത്തിപ്പാനുള്ള സന്നദ്ധത അറിയിച്ചു.

1889 ഏപ്രിൽ 21 ഞായറാഴ്ച നമ്മുടെ കർത്താവിന്റെ ഉയിർപ്പു ദിവസം ഒരു ചെറിയ താല്ക്കാലിക ദേവാലയത്തിൽ വച്ച് രണ്ടു റോമൻ കത്തോലിക്കാ പുരോഹിതന്മാർ ഓർത്തഡോക്സ് രീതിയിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. റോമൻ കത്തോലിക്കാ സഭ ഉപേക്ഷിച്ചു വന്ന ധാരാളം വിശ്വാസികൾ അതിൽ പങ്കെടുത്തു. മലങ്കരസഭയെ സംബന്ധിച്ചിടത്തോളം കേരളത്തിന് പുറത്തേയ്ക്കുള്ള സഭയുടെ വളർച്ചയ്ക്ക് ഇത് ഒരു ആരംഭമായി. എം. ഒ. സി. സിറിയൻ മിഷൻ അല്ലെങ്കിൽ ബ്രഹ്മവാർ മിഷൻ ഒരു അത്ഭുതം തന്നെയാണ്. ദൈവനിയോഗപ്രകാരം രണ്ട് റോമൻ കത്തോലിക്കാ പുരോഹിതരാണ് ഓർത്തഡോക്സ് സഭയ്ക്ക് ഒരു ബാഹ്യ കേരള മിഷൻ ആരംഭിച്ചത് എന്ന് നാം ഓർത്തിരിക്കണം. വിദേശാധിപത്യത്തിൽ നിന്നും സ്വതന്ത്ര സഭയിലേക്കുള്ള ഈ മാറ്റം ഇവർക്ക് ആശ്വാസകരമായിരുന്നു.

മെത്രാൻ സ്ഥാനാഭിഷേകം

ബ്രഹ്മവാർ മിഷന്റെ ചുമതല 1889 മേയ് മാസം ഫാദർ നൊറോണയെ ഏല്പിച്ചശേഷം ഫാദർ അൽവാറീസ് കൊച്ചിയിലേക്കു പോയി. റോമൻ കത്തോലിക്കാ സഭയിലെ ഒരു ചുറുചുറുക്കുള്ള പട്ടക്കാരനായി ബോംബെയിൽ സ്തുത്യർഹമായി പ്രവർത്തിച്ച ഈ യുവ വൈദികനെ തന്റെ ലേഖനങ്ങളിൽ സഭയെ വിമർശിച്ചു എന്നതിന്റെ പേരിൽ മുടക്കിയത് വളരെ പ്രസിദ്ധമാണ്. തന്റെ സ്വന്ത ഇഷ്ടപ്രകാരം ഓർത്തഡോക്സ് സഭയിലെ അംഗത്വം സ്വീകരിക്കുകയും സഭയുടെ വളർച്ചയ്ക്കു വേണ്ടി അദ്ധ്വാനിക്കുകയും അനേകം വൈദികരുൾപ്പെടെ നിരവധിയാളുകളെ ഓർത്തഡോക്സ് സഭയിലേക്ക് കൊണ്ടുവരികയും ചെയ്തു. ചുരുങ്ങിയ കാലയളവുകൊണ്ട് ബ്രഹ്മവാറിൽ ഒരു മിഷൻ കേന്ദ്രം ആരംഭിച്ചു. ഈ നിസ്തുലമായ സേവനങ്ങളുടെ അംഗീകാരമായി അന്റോണിയോ ഫ്രാൻസിസ് സേവ്യർ അൽവാറീസിനെ ഓർത്തഡോക്സ് സഭയിലെ ഒരു മെത്രാപ്പോലീത്തായായി വാഴിക്കുന്നതിന് മലങ്കരസഭാ സുന്നഹദോസ് തീരുമാനിച്ചു. ഈ തീരുമാനം പാത്രിയർക്കീസ് പത്രോസ് മൂന്നാമനെ അറിയിക്കുകയും അദ്ദേഹം ഉടനെതന്നെ അനുവാദ കല്പന അയച്ചു തരികയും ചെയ്തു.

ഒരു ചരിത്ര സംഭവത്തിന് പഴയസെമിനാരി ചാപ്പൽ സാക്ഷ്യം വഹിച്ചു. 1889 ജൂലൈ 29-നു പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്, ചാത്തുരുത്തി ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (പരിശുദ്ധ പരുമല തിരുമേനി), പൗലോസ് മാർ ഈവാനിയോസ്, കടവിൽ പൗലോസ് മാർ അത്താനാസ്യോസ് എന്നീ തിരുമേനിമാരുടെ കാർമ്മികത്വത്തിൽ അനേകം പട്ടക്കാരുടെ സാന്നിദ്ധ്യത്തിൽ അനുഗ്രഹപ്രദമായ മേല്പട്ട സ്ഥാനാരോഹണ ശുശ്രൂഷ നടന്നു. അനേകം വിശ്വാസികളുടെ പ്രാർത്ഥനാപൂർവ്വമായ സഹകരണത്തിൽ അൽവാറീസ് മാർ യൂലിയോസ് ഒന്നാമൻ എന്ന പേരിൽ മെത്രാപ്പോലീത്തയായി അഭിഷിക്തനായി. ബോംബെ, മദ്രാസ്, ഗോവ, കർണ്ണാടക, കൊളംബോ എന്നിവയായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനമേഖല.



മലങ്കര മെത്രാപ്പോലീത്താമാരായിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ, വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് എന്നിവരുടെ സഹായിയായി പ്രവർത്തിച്ച അൽവാറീസ് മാർ യൂലിയോസ് 1911-ൽ വട്ടശ്ശേരിൽ തിരുമേനിയെ അബ്ദുള്ളാ പാത്രിയർക്കീസ് മുടക്കിയപ്പോൾ ആ മുടക്കിനെ ശക്തമായി എതിർത്തു മലങ്കര മെത്രാപ്പോലീത്തായ്ക്കു ശക്തമായ പിന്തുണ നൽകി.

അൽവാറീസ് മെത്രാപ്പോലീത്താ പ്രായാധിക്യംമൂലം അവശനായപ്പോൾ ബ്രഹ്മവാർ ഭദ്രാസന ചുമതല വട്ടശ്ശേരിൽ തിരുമേനി ഏറ്റെടുത്തു കൊണ്ട് 1919 നവംബർ 21-നു ഒരു കല്പന ഇറക്കി.

ബഥനിയുടെ മാർ ഈവാനിയോസിനെ 1925-ൽ എപ്പിസ്കോപ്പായായി വാഴിച്ചതിനെ തുടർന്ന് അദ്ദേഹത്തിനു ബ്രഹ്മവാർ - ഗോവ ഭദ്രാസനത്തിന്റെ ചുമതല നൽകി. മാർ ഈവാനിയോസ് ബ്രഹ്മവാർ ബിഷപ്പ് എന്ന നിലയിൽ അവിടം സന്ദർശിച്ചു. ഫാ. നൊറോണാ അവിടത്തെ കാര്യങ്ങൾ മാർ ഈവാനിയോസിനെ അറിയിച്ചു.

മാർ അൽവാറീസ് 1923-ൽ പഞ്ചിമിൽ വച്ചു കാലം ചെയ്തശേഷം അംശവസ്ത്രങ്ങളും സ്ഥാനചിഹ്നങ്ങളും മാർ ഈവാനിയോസാണ് ഏറ്റെടുത്തത്. 1930-ൽ മാർ ഈവാനിയോസ് റീത്തിൽ ചേർന്നതിനെ തുടർന്ന് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാബാവാ, ബ്രഹ്മവാർ ഭരണം ഏറ്റെടുത്തു ഭരണം നടത്തുകയും പട്ടക്കാരെ നിയോഗിക്കുകയും ചെയ്തു. 1934-ൽ ഈ ഭദ്രാസനത്തിന്റെ ഭരണം മഞ്ഞിനിക്കര ദയറായിലെ ഏലിയാസ് മാർ യൂലിയോസ് അവകാശപ്പെട്ട് ഉഡുപ്പി മുൻസിഫ് കോടതിയിൽ കേസു നടത്തി എങ്കിലും ബ്രഹ്മവാർ കത്തീഡ്രലും ഇടവകകളും കാതോലിക്കാബാവായുടെയും ഫാ. പി. ജി. കോശിയുടെയും കീഴിലാണെന്ന് 1952-ൽ മദ്രാസ് ഹൈക്കോടതിയിൽ നിന്നു വിധി വരികയും ഭദ്രാസനം വീണ്ടും മലങ്കരസഭയുടെ കീഴിൽ എത്തുകയും ചെയ്തു. പാത്രിയർക്കീസ് വിഭാഗത്തിന്റെയും കത്തോലിക്കരുടെയും ശക്തമായ ദ്വിമുഖാ ക്രമ

ണത്തെ സുധീരം നേരിട്ടുകൊണ്ടാണ് ബ്രഹ്മവാർ ഭദ്രാസനത്തെ, അൽവാറീസ്, വട്ടശ്ശേരിൽ ദീവന്നാസ്യോസ്, ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാബാവാ എന്നീ തിരുമേനിമാരും ഫാ. നെറോണോ, ഫാ. പി. ജി. കോശി, ഫാ. കെ. കെ. കുറിയാക്കോസ്, ഫാ. കെ. റ്റി. വറുഗീസ് എന്നീ വൈദികരും സംരക്ഷിച്ചു നിലനിറുത്തിയതെന്ന വസ്തുത സഭ നന്ദിപൂർവ്വം അനുസ്മരിക്കേണ്ടതും സഭാംഗങ്ങൾ ദൈവത്തെ സ്തുതിക്കേണ്ടതുമാണ്.

പുതിയ മെത്രാപ്പോലീത്താ ഈ പ്രദേശങ്ങളിൽ യാത്ര ചെയ്ത് ഓർത്തഡോക്സ് സഭയുടെ ഭിത്തിയെ ബലപ്പെടുത്തുകയും കുറ്റികളെ ഉറപ്പിക്കുകയും കയറുകളെ നീട്ടുകയും ചെയ്തു. മംഗലാപുരം മുതൽ ബോംബെ വരെയുള്ള തീരപ്രദേശത്തു നിന്ന് അയ്യാരത്തിലധികം കുടുംബങ്ങൾ ഓർത്തഡോക്സ് സഭയിൽ ചേർന്നതായി ചരിത്രം ഉണ്ട്. ധാരാളം പട്ടക്കാരും ഇതിൽ ഉൾപ്പെടുന്നു. തൃശ്ശിനാപ്പള്ളിയിലും കൊളംബോയിലും സമൂഹങ്ങൾ ഉണ്ടായി. അമേരിക്കൻ ഐക്യനാടുകളിൽ ചില സ്ഥലത്തു നിന്നും ജനങ്ങൾ റോമാവിശ്വാസം ഉപേക്ഷിച്ചു നമ്മുടെ സഭയിൽ വന്നു. ആ കൂട്ടത്തിൽ വന്ന അതിസമർത്ഥനായ ഒരു പാതിരിയായിരുന്നു റെനിവിലാത്തി. അദ്ദേഹത്തെ സിലോണിൽ വച്ച് ഒരു മെത്രാപ്പോലീത്തായായി വാഴിച്ച് അമേരിക്കൻ ഭദ്രാസനത്തിന്റെ ചുമതല ഏല്പിക്കാൻ മുൻകൈ എടുത്ത് പ്രവർത്തിച്ചത് അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായായിരുന്നു.

ഇത് ഒരു വലിയ പരിവർത്തനത്തിന്റെ കാലമായി ചരിത്രകാരന്മാർ കണക്കുകൂട്ടുന്നു. ഈ കാലയളവിൽ നടന്ന സഭാമാറ്റമാണ് വാസ്തവത്തിൽ പുനരൈക്യ പ്രസ്ഥാനമെന്ന് ഓർത്തഡോക്സ് സഭാചരിത്രകാരനായിരുന്ന ഡോ. വി. സി. ശമുവേലച്ചൻ രേഖപ്പെടുത്തിയിരിക്കുന്നു. പാശ്ചാത്യരീതിയിൽ നിന്നും വിദേശാധിപത്യത്തിൽ നിന്നും സ്വതന്ത്രമായി ഇന്ത്യയിൽ ഒരു ആരാധനാരീതി ഉണ്ടാകണമെന്ന് ഇവിടെയുള്ള ജനങ്ങൾ ആഗ്രഹിച്ചതിന്റെ പ്രതിഫലനവും ഇവിടെയുണ്ട്. സൗത്ത് കാനറായിൽ ഉണ്ടായ ഈ മാറ്റം ഭാരതവൽക്കരണത്തിന്റെ ആദ്യപടിയായിരുന്നു എന്ന് പ്രസിദ്ധ ചരിത്രകാരി കാന്റി ഫറിയാസ് രേഖപ്പെടുത്തിയിട്ടുണ്ട്.

മാർത്തോമ്മാ ശ്ലീഹായുടെ പാരമ്പര്യം അവകാശപ്പെടുന്ന സഭയാണ് പേർഷ്യൻ സഭ. ഒരു കാലത്ത് മലങ്കരസഭയും പേർഷ്യൻ സഭയും തമ്മിൽ അടുത്ത ബന്ധം നിലനിന്നിരുന്നതായും പേർഷ്യൻ സഭയിലെ മെത്രാപ്പോലീത്താമാർ മലങ്കരസഭയിൽ ബന്ധം പുലർത്തിയിരുന്നതുമായി ചരിത്രം വ്യക്തമാക്കുന്നുണ്ട്. 16-ാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാരുടെ വരവിനു ശേഷമാണ് ഗോവയിൽ ക്രിസ്തുമതം പ്രചരിച്ചത് എന്നും പുരാതനകാലം മുതൽ അവിടെ ക്രിസ്തീയ സഭ റോമൻ പോപ്പിന്റെ അധികാരത്തിലായിരുന്നു എന്നും മറ്റും വാദിക്കുന്നവർക്ക് ഈ പേർഷ്യൻ കൽക്കുരിശുകളുടെ കണ്ടെത്തൽ വലിയൊരു തിരിച്ചടിയായി. ഈ കണ്ടെത്തൽ 7-ാം നൂറ്റാണ്ടിനു മുമ്പുതന്നെ ഗോവയിൽ ക്രിസ്തുമതം പ്രചരിച്ചിരുന്നു എന്നും ആ സഭയ്ക്ക് പേർഷ്യൻ സഭയുമായി ഉറ്റബന്ധമുണ്ടായിരുന്നു എന്നും മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു.

റോമൻ കത്തോലിക്കാ സഭയിലെ പുരോഹിതനായിരുന്ന ഫാ. അൽവാറീസ് മലങ്കരസഭയിലേക്ക് വരികയും ഈ സഭയുടെ മെത്രാപ്പോലീത്താ ആകുകയും ചെയ്തത് ദൈവനിയോഗമാണ്. അൽവാറീസ് മാർ യൂലിയോസ് തിരുമേനിയുടെയും ഫാദർ നൊറോണയുടെയും ശ്രമഫലമായി റോമൻ കത്തോലിക്കാസഭ വിട്ടിട്ട് ഏകദേശം 6000 കത്തോലിക്കാ കുടുംബങ്ങൾ മലങ്കര ഓർത്തഡോക്സ് സഭയിലേക്ക് വന്നു. വേർപെട്ടുപോയ കണ്ണികളെ വീണ്ടും യോജിപ്പിക്കുന്നതുപോലെ, പോർട്ടുഗീസ് ഭരണകാലത്ത് റോമൻ കത്തോലിക്കാസഭയിലേക്ക് പോയ ക്രിസ്ത്യാനികൾ തിരികെ നമ്മുടെ സഭയിലേക്കു വന്നതാണ് സാക്ഷാൽ പുനരൈക്യം എന്നു പറയുന്നത്. 1887-ൽ നടന്ന അതിശക്തമായ ഈ തിരിച്ചുവരവ് മാർത്തോമ്മാ പാരമ്പര്യമുള്ള മലങ്കരസഭയ്ക്ക് വലിയൊരു ചരിത്രനേട്ടമാണ്. ഭാരതസഭയുടെ പാരമ്പര്യവും സ്വാതന്ത്ര്യവും സ്വയശീർഷകത്വവും അംഗീകരിക്കുവാൻ ഈ ചരിത്രരേഖകൾ സഹായിക്കും.

ഡോ. മാത്യൂസ് മാർ സേവേറിയോസ് വി. കുർബാന അർപ്പിക്കും

കണ്ടനാട്: ഞായറാഴ്ച കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ സേവേറിയോസിന്റെ പ്രധാന കാർമികത്വത്തിൽ കണ്ടനാട് പള്ളിയിൽ വി. കുർബാന അർപ്പിക്കപ്പെടുന്നു. 1974 ഓഗസ്റ്റ് 15 പെരുന്നാളിന് അന്നത്തെ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ വി. കുർബാന അർപ്പിച്ചതിന് ശേഷം ആദ്യമായാണ് മലങ്കര ഓർത്തഡോക്സ് സഭയുടെ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ കണ്ടനാട് ഭദ്രാസന കത്തീഡ്രലിൽ വി. കുർബ്ബാന അർപ്പിക്കുവാൻ ഇടയാകുന്നത്.

വർഗീസ് പോത്തൻ മികച്ച പ്രോഗ്രാം ഓഫീസർ

നാഷണൽ സർവീസ് സ്കീം ജില്ലയിലെ മികച്ച പ്രോഗ്രാം ഓഫീസറായി തിരഞ്ഞെടുത്ത വർഗീസ് പോത്തൻ

ചെട്ടികുളങ്ങര മറ്റം തെക്ക് പുത്തൻപറമ്പിൽ കുടുംബാംഗമായ വർഗീസ് പോത്തനു 2009-ൽ എയർ ഇന്ത്യ അധ്യാപക പുരസ്കാരം, 2011-ൽ ലയൺസ് ക്ലബ്ബ് അവാർഡ്, 2016-ൽ ഗ്ലോബൽ അധ്യാപക പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. കേരള പാഠ്യപദ്ധതി പരിഷ്കരണ കമ്മിറ്റി അംഗം, പാഠപുസ്തക രചന സമിതി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ: പ്രിയനിസ് (അധ്യാപിക, കണ്ണമംഗലം ഗവ.യുപിജിഎസ്). മക്കൾ: ആൽഫിൻ വി. പോത്തൻ, അലൻ വി.പോത്തൻ.

സത്യത്തിന്റെയും നീതിയുടെയും വിജയം: ഓർത്തഡോക്സ് സഭ

കോട്ടയം: പിറവം സെന്റ് മേരീസ് കത്തീഡ്രൽ കേസിൽ ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി പൊലീസ് സംരക്ഷണം നൽകാനുള്ള ഉത്തരവ് സത്യത്തിന്റെയും നീതിയുടെയും വിജയമാണെന്ന് മലങ്കര ഓർത്തഡോക്സ് സഭ അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ.

മലങ്കര സഭയുടെ മേൽ പാത്രിയർക്കീസിന്റെ അധികാരത്തെ സംബന്ധിച്ചുള്ള എല്ലാ തർക്കങ്ങളും ഇതോടു കൂടി അവസാനിച്ചതായി കണക്കാക്കി എല്ലാവരും ഒരുമിച്ച് 1934-ലെ ഭരണഘടന അംഗീകരിച്ച് ഭരണം നടത്തുവാനും ആരാധനയിൽ സംബന്ധിക്കുവാനുമുള്ള വഴിയൊരുങ്ങിയിരിക്കുകയാണ്.

പൊലീസ് സംരക്ഷണം സർക്കാർ ഉറപ്പാക്കുമെന്ന് ഓർത്തഡോക്സ് സഭ വിശ്വസിക്കുന്നു. വീണ്ടും സഭാതർക്കത്തെ തെരുവിലേക്കു വലിച്ചിഴയ്ക്കാൻ സഭ ആഗ്രഹിക്കുന്നില്ല. ഈ വിധിയും സഭാ സമാധാനത്തിനുള്ള ഒരു സാധ്യതയായി ഭവിക്കുമെന്നു പ്രതീക്ഷിക്കാമെന്നും ബിജു ഉമ്മൻ പറഞ്ഞു.

മാർ ദിവന്നാസിയോസ് അവാർഡ് ഫാ. റ്റി. ജെ. ജോഷ്വായ്ക്ക്

ചേപ്പാട്: മലങ്കര മെത്രാപ്പോലീത്ത ചേപ്പാട് മാർ ദിവന്നാസിയോസ് അവാർഡ് മലങ്കര ഓർത്തഡോക്സ് സഭ ഗുരുശ്രേഷ്ഠൻ ഫാ. റ്റി. ജെ. ജോഷ്വാ അച്ചന്. ചേപ്പാട് മാർ ദിവന്നാസിയോസിന്റെ 164-ാമത് ഓർമ്മ പെരുന്നാളിനു പരിശുദ്ധ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ നൽകുമെന്ന് വികാരി ഫാ. കോശി മാത്യു, കൈസ്ഥാനി ഉമ്മൻ പി. വർഗ്ഗീസ് സെക്രട്ടറി ചാണ്ടി കോശി എന്നിവർ അറിയിച്ചു. പ്രശസ്തിപത്രവും 10000 രൂപയും നൽകും

എന്റെ ജ്യേഷ്ഠ സഹോദരൻ

ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ


അഭിവന്ദ്യ ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ എന്റെ സഹോദരനാണോ എന്ന് വിദേശത്തുള്ള പലരും എന്നോട് ചോദിച്ചിട്ടുണ്ട്. അപ്പോഴൊക്കെ ഞാൻ സാധാരണ പറയാറുള്ള മറുപടി ഇപ്രകാരമായിരിക്കും, 'അതെ, അദ്ദേഹം എന്റെ ജ്യേഷ്ഠ സഹോദരനത്രെ.' ചിലയാളുകൾ അത് അക്ഷരാർത്ഥത്തിൽ തന്നെ ഉൾക്കൊള്ളുന്നതായി തോന്നി. അപ്പോൾ ഞാൻ വിശദീകരിക്കും – 'എല്ലാ ഓർത്തഡോക്സ് മെത്രാന്മാരും എന്റെ സഹോദരന്മാരത്രെ.' ഞാനും തെയോഫിലോസ് തിരുമേനിയും രക്തബന്ധമുള്ള സഹോദരന്മാരല്ലെന്നറിയുമ്പോൾ ആളുകൾ വിസ്മയഭരിതരാകാറുണ്ട്. ഞങ്ങൾ യഥാർത്ഥ സഹോദരന്മാരെപ്പോലെ സാമ്യമുള്ളവരായി തോന്നിക്കുമെന്നാണ് അവർ പറയുന്നത്.

മൂന്നു കാര്യങ്ങളിലെങ്കിലും അഭിവന്ദ്യ തെയോഫിലോസ് തിരുമേനി എന്റെ ജ്യേഷ്ഠ സഹോദരനാണ് എന്ന് നിസംശയം പറയാം. ഒന്നാമതായി, അദ്ദേഹം എന്നെക്കാൾ സീനിയറായ മെത്രാപ്പോലീത്തായാണ്. ഞങ്ങൾ രണ്ടുപേരും ഒരേ അസോസിയേഷനിൽ വച്ച് മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്നു. എന്നാൽ അന്ന് ഡബ്ല്യൂ.സി.സി. (സഭകളുടെ ലോക കൗൺസിൽ) യുടെ അസോസിയേറ്റ് സെക്രട്ടറിയായി പ്രവർത്തിക്കുകയായിരുന്നതിനാലും മെത്രാൻ സ്ഥാന ലബ്ധിക്കുവേണ്ട യോഗ്യതകൾ എനിക്കില്ലെന്ന് തോന്നിയതിനാലും എന്റെ പേര് സ്ഥാനാർത്ഥി പട്ടികയിൽ നിന്ന് നീക്കം ചെയ്യണമെന്ന് ഞാൻ ഔപചാരികമായിത്തന്നെ അപേക്ഷ സമർപ്പിച്ചു. എന്റെ പേരിനോട് നിഷേധാത്മകമായ സമീപനമാണ് അധികാരസ്ഥാനങ്ങളിൽ നിന്നു ലഭിച്ചതെന്ന് പിന്നീട് ഞാൻ മനസ്സിലാക്കി. ഏതായാലും തെയോഫിലോസ് തിരുമേനി മെത്രാഭിഷിക്തനാവുകയും ഞാൻ പട്ടക്കാരനായി കുറേക്കാലം കൂടി തുടരുകയും ചെയ്തു. അങ്ങനെ അദ്ദേഹം എന്നെക്കാൾ വളരെ സീനിയറായ മെത്രാപ്പോലീത്തായായി.

രണ്ടാമതായി, 1954-ൽ അമേരിക്കയിലെ ഉപരിപഠനത്തിനുശേഷം നാട്ടിൽ മടങ്ങിയെത്തിയപ്പോൾ ഞാൻ കേവലം ഒരു അത്മായക്കാരൻ മാത്രമായിരുന്നു. അദ്ദേഹമോ പേരെടുത്ത ഒരു പട്ടക്കാരനും. ബഹുമാനപ്പെട്ട ഫിലിപ്പോസ് അച്ചൻ (അന്നത്തെ അദ്ദേഹത്തിന്റെ പേര്) പോൾ വർഗീസ് എന്ന എന്റെ മാർഗ്ഗദർശിയും ആത്മീയഗുരുവും ഉപദേഷ്ടാവുമായിരുന്നു. ആ കാലങ്ങളിൽ അദ്ദേഹം കോട്ടയം ചെറിയപള്ളിയിലും ഞാൻ അലുവാ ഫെലോഷിപ്പ് ഹൗസിലുമായിരുന്നു. ഞങ്ങൾക്കു രണ്ടുപേർക്കും സഭയുടെ പല പ്രധാന പദ്ധതികളിലും ക്രൈസ്തവ സഭകളുടെ കൂട്ടായ്മകളിലും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നതിനുള്ള അവസരം ലഭിച്ചു. ബഹു. അച്ചന് പരിശുദ്ധ സഭയോടുള്ള അത്യഗാധമായ സ്നേഹവും വിധേയത്വവും അതോടൊപ്പം തന്നെ എക്യുമെനിക്കൽ പ്രസ്ഥാനത്തോടുള്ള ആവേശവും അദ്ദേഹത്തെപ്പറ്റി എന്നിൽ വലിയ മതിപ്പുളവാക്കിയിരുന്നു. എന്റെ സ്നേഹ ബഹുമാന ആദരവുകൾക്ക് പാത്രീഭൂതനായ അദ്ദേഹം അന്നാളുകൾ മുതൽ തന്നെ എന്റെ ജ്യേഷ്ഠ സഹോദരനായി മാറിക്കഴിഞ്ഞിരുന്നു.

അക്കാലത്തെ ഒരു പ്രധാന സംഭവം ഇന്നും എന്റെ ഓർമ്മകളിൽ പച്ചപിടിച്ചു നിൽക്കുന്നു. കാലംചെയ്ത ഭാഗ്യസ്മരണാർഹനായ മോറാൻ മാർ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സിന്റെ പുണ്യസന്നിധിയിൽ എന്നെ പരിചയപ്പെടുത്തിയത് ബ. അച്ചനായിരുന്നു.

കോട്ടയം കുരിശുപള്ളിയിൽ പീസ് ലീഗിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട മരണം വരെയുള്ള നിരാഹാര സമരത്തിൽ പങ്കെടുത്ത ആറുപേർക്ക് വേദപഠന ക്ലാസുകൾ നടത്തുന്നതിൽ ഞാനും പങ്കാളിയായിരുന്നു. പാത്രിയർക്കീസ് വിഭാഗവും കാതോലിക്കാ വിഭാഗവും തമ്മിൽ അനുരഞ്ജനപ്പെടണമെന്നുള്ളതായിരുന്നു അവരുടെ ആവശ്യം. പ. കാതോലിക്കാ ബാവായാകട്ടെ, സത്യഗ്രഹികളോടോ അവരുമായി ബന്ധപ്പെടുന്നവരോടോ യാതൊരു വിധത്തിലുമുള്ള അനുഭാവമോ താൽപര്യമോ പ്രകടിപ്പിച്ചിരുന്നില്ല. കുറെക്കൂടി വ്യക്തമായി പറഞ്ഞാൽ പോൾ വറുഗീസ് എന്നൊരു അത്മായക്കാരൻ അമേരിക്കയിൽ നിന്ന് വേദശാസ്ത്ര ബിരുദവും നേടി, നിരാഹാരം കിടക്കുന്നവർക്കും അവരെ കാണാ



ഓർമ്മ സെപ്റ്റംബർ 28-ന്
ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ

നെത്തുന്നവർക്കും ക്ലാസ് എടുക്കുന്നത് അദ്ദേഹത്തിന് ഒട്ടും ഇഷ്ടമായില്ല. ഒരു ദിവസം ദേവലോകത്ത് വച്ച് നടത്തിയ പ്രബോധനത്തിൽ അദ്ദേഹമത് സൂചിപ്പിക്കുകയും പോൾ വറുഗീസ് പഠിപ്പിക്കുന്നത് അമേരിക്കൻ വേദപുസ്തകമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ഇതറിഞ്ഞ ഫിലിപ്പോസച്ചൻ ഞാനുമായി ബന്ധപ്പെടുകയും പരിശുദ്ധ ബാവായെ കണ്ട് തെറ്റിദ്ധാരണകൾ എത്രയും പെട്ടെന്ന് തീർക്കുവാൻ ശ്രമിക്കണമെന്ന് ഉപദേശിക്കുകയും ചെയ്തു. ഞാനതിന് തയ്യാറായെങ്കിലും ഒരു നിബന്ധന വച്ചു. അതായത് ഫിലിപ്പോസച്ചൻ തന്നെ എന്നെ ബാവാതിരുമേനിയുടെ അടുക്കൽ കൊണ്ടുപോകുകയും പരിചയപ്പെടുത്തുകയും ചെയ്യണം. അങ്ങനെ ഞങ്ങൾ ഒരുമിച്ചു പോയി. പ. ബാവാ വിശുദ്ധ വേദപുസ്തകവുമായി ബന്ധപ്പെട്ട് നൂറിലധികം ചോദ്യങ്ങൾ എന്നോട് ചോദിച്ചു. പ. പിതാവിന്റെ അഗാധമായ അറിവും ആത്മീയതയിൽ മുഴുകിയ വേദപുസ്തക പരിജ്ഞാനവും എന്നെ അത്ഭുതപ്പെടുത്തുക തന്നെ ചെയ്തു. അവസാനം പോൾ വറുഗീസ് കൊള്ളാവുന്നവനാണെന്നും അയാൾ നടത്തുന്ന പഠിപ്പിക്കലുകൾ യഥാർത്ഥ ഓർത്തഡോക്സ് വിശ്വാസത്തിലധിഷ്ഠിതമാണെന്നും പ. ബാവാ ഫിലിപ്പോസച്ചനോട് പറഞ്ഞു. അന്നെന്റെ ജ്യേഷ്ഠ സഹോദരന്റെ സ്നേഹമസൃണമായ പ്രേരണയ്ക്കു വഴങ്ങി പ. ബാവാ

യുടെ സന്നിധിയിൽ പോയില്ലായിരുന്നുവെങ്കിൽ ഇന്നും ഞാനൊരു അത്മായക്കാരനായി തുടരുമായിരുന്നില്ലേ എന്ന് ചിന്തിച്ചു പോകുന്നു. പ. സഭയിൽ മഹാപുരോഹിത ശുശ്രൂഷ നിർവഹിക്കുന്നതിനുള്ള അവസരം യാഥാർത്ഥ്യമായത് ദൈവംതമ്പുരാൻ ഫിലിപ്പോസ് അച്ചനിൽ കൂടി പ്രവർത്തിച്ചതിനാലാണെന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഞാനതിലദ്ദേഹത്തോട് എന്നും കൃതാർത്ഥനുമായിരിക്കും.

മൂന്നാമതായി, എന്റെ സഹോദരൻ എന്ന നിലയിൽ ഞാൻ തെയോഫിലോസ് തിരുമേനിയോട് കടപ്പെട്ടിരിക്കുന്നത് മറ്റു സഭകളുമായി നമ്മുടെ സഭയെ ബന്ധപ്പെടുത്തിയ പ്രക്രിയയിലൂടെയും ആ ബന്ധം ശ്രദ്ധയോടെ ഊട്ടിയുറപ്പിച്ച് ബലപ്പെടുത്തിയതിലൂടെയുമാണ്. പൗരസ്ത്യ യൂറോപ്പിലെ സഭകളുമായി, പ്രത്യേകിച്ച് സേർബിയൻ സഭ, ബൾഗേറിയൻ സഭ, റഷ്യൻ ഓർത്തഡോക്സ് സഭ, റുമേനിയൻ ഓർത്തഡോക്സ് സഭ തുടങ്ങിയവയുമായി വളരെയടുത്ത സ്നേഹബന്ധമാണ് അദ്ദേഹം വളർത്തിയെടുത്തത്. ഇപ്പറഞ്ഞ സഭകളിലെ മുതിർന്ന നേതാക്കന്മാരെല്ലാം ബഹു. കോര ഫിലിപ്പോസ് അച്ചനെക്കുറിച്ച് വളരെ സ്നേഹബഹുമാനാദരവുകളോടെയാണ് ഇപ്പോഴും സംസാരിക്കാറുള്ളത്. അദ്ദേഹമിട്ട അടിസ്ഥാനത്തിന്മേലാണ് പിന്നീട് എനിക്ക് വ്യത്യസ്തമായ മറ്റൊരു ശൈലിയിലൂടെ ബന്ധങ്ങൾ വളർത്തിയെടുക്കാനായത്. ഡബ്ല്യൂ.സി.സി. യിലും അദ്ദേഹം എന്റെ ജ്യേഷ്ഠസഹോദരനായിരുന്നു. 1968 വരെയും അദ്ദേഹം ഡബ്ല്യൂ.സി.സി. യുടെ സെൻട്രൽ കമ്മിറ്റിയിൽ പ്രവർത്തിച്ചു. ഞാനാ സമയത്ത് ജനീവയിൽ അസോസിയേറ്റ് ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുകയായിരുന്നു. സെൻട്രൽ കമ്മിറ്റിയിൽ പ്രവർത്തിക്കുമ്പോൾ സഭയ്ക്കുവേണ്ടി മിത്രങ്ങളെ നേടുവാനുള്ള അദ്ദേഹത്തിന്റെ നിപുണത ഒന്നു വേറെ തന്നെയായിരുന്നു. അതുപോലെ എനിക്ക് സാധിച്ചിട്ടില്ല എന്നതാണ് സത്യം. വാസ്തവത്തിൽ അദ്ദേഹത്തിന്റെ വ്യക്തിത്വം എന്റേതുമായി തട്ടിച്ചുനോക്കുമ്പോൾ എത്രയോ ഹൃദ്യവും സ്നേഹനിർഭരവുമാണ്. തന്നെയുമല്ല, എന്റെ കാർക്കശ്യവും പരുഷഭാവവും മിത്രങ്ങളെ നേടുന്നതിനു പകരം പലരെയും അകറ്റുവാനേ ഉപകരിച്ചിട്ടുള്ളു എന്നു വേണം പറയുവാൻ. അങ്ങനെ സുഹൃത്തുക്കളെ സഭയ്ക്കുവേണ്ടി നേടുന്ന കാര്യത്തിലും തെയോഫിലോസ് തിരുമേനി അതുല്യമായ സേവനമാണ് കാഴ്ചവച്ചത്.

ප. സഭയിൽ മഹാപുരോഹിത ശുശ്രൂഷ നിർവഹിക്കുന്നതിനുള്ള അവസരം യാഥാർത്ഥ്യമായത് ദൈവംതമ്പുരാൻ ഫിലിപ്പോസ് അച്ചനിൽ കൂടി പ്രവർത്തിച്ചതിനാലാണെന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു.

അഭി. തെയോഫിലോസ് തിരുമേനിയെ സഭയ്ക്കായി നൽകിയ സർവ്വശക്തനായ ദൈവം തമ്പുരാന്റെ കൃപയും കരുണയും മഹത്വപ്പെടുമാറാകട്ടെ.

(ഇംഗ്ലീഷ് ലേഖനത്തിന്റെ മലയാള പരിഭാഷ. പരിഭാഷകൻ: ബാബു കുര്യൻ പുളിയേരിൽ)

സഭാകേസുകൾ

പാത്രിയർക്കീസുകാരെ ഭരണഘടനപ്രകാരം സ്വീകരിച്ചു: പ. മാത്യൂസ് പ്രഥമൻ ബാവ

കൊച്ചി: 1958-ൽ നിലവിലിരുന്ന ഭരണഘടനയനുസരിച്ചാണ് പാത്രിയർക്കീസ് ഭാഗത്തുള്ളവരെ സ്വീകരിച്ചതെന്നു പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവ പ്രസ്താവിച്ചു.

ആ ഭരണഘടനയനുസരിച്ച് ആ കക്ഷിയിലെ തലവന്മാരായ മെത്രാപ്പോലീത്താമാർ പ്രവർത്തിച്ചുകൊള്ളാമെന്നും സുന്നഹദോസിനും കാതോലിക്കായ്ക്കും കീഴ്പ്പെട്ടു നടന്നുകൊള്ളാമെന്നും രേഖ നൽകിയിരുന്നുവെന്നും 1958-നു ശേഷം ഈ ഭരണഘടനയനുസരിച്ചാണ് പാത്രിയർക്കീസ് പക്ഷത്തുള്ളവരും നടന്നിരുന്നതെന്നും സമുദായക്കേസ് കേൾക്കുന്ന സ്പെഷ്യൽ കോടതിയിൽ പ. ബാവ പറഞ്ഞു.

ഇതിൽ ആറു മുതൽ 44 വരെയുള്ള വ്യവസ്ഥകൾ അവരും കൂടിയിരുന്ന് ഭേദഗതി ചെയ്യുകയും ബാക്കി ഭാഗം ഒന്നും ചെയ്യേണ്ടതില്ലെന്ന് സമ്മതിക്കുകയും അങ്ങനെ ഭേദഗതികൾ ഉൾകൊള്ളുന്ന ഭരണഘടന എല്ലാ പള്ളികൾക്കും അയയ്ക്കുകയും ചെയ്തു.

അതനുസരിച്ച് എല്ലാ പള്ളികളും നടന്നുവരികയും ചെയ്യുന്നു. അതല്ലാതെ ഏതെങ്കിലും പള്ളിയോഗം ചേർന്ന് ഭരണഘടന അംഗീകരിച്ചതായി തീരുമാനമൊന്നും ചെയ്തില്ല. അതിന്റെ ആവശ്യമില്ല.

ഈ ഭരണഘടനയ്ക്കു വിധേയമായി സമാധാനമുണ്ടാകുകയും അതനുസരിച്ച് പാത്രിയർക്കീസ് പ്രവർത്തിക്കുകയും ചെയ്ത ശേഷം നാലു മാസങ്ങൾ കഴിഞ്ഞ് ഭരണഘടനയെ സംബന്ധിച്ച ചില കാര്യങ്ങൾ പാത്രിയർക്കീസ് അന്നത്തെ കാതോലിക്കായുടെ പേർക്ക് എഴുതിയിട്ടുണ്ട്. അദ്ദേഹം ഭരണഘടന സ്വീകരിക്കുന്നില്ലെന്ന് ഒരിക്കലും പറഞ്ഞതായിട്ടോർക്കുന്നില്ല.

മുൻകാലം മുതൽതന്നെ മലങ്കരമെത്രാപ്പോലീത്താ ആത്മീയവും ഭൗതികവുമായ എല്ലാ കാര്യങ്ങളുടെയും ഭാരവാഹിയാണെന്നും അദ്ദേഹത്തിനു പിൽക്കാലത്തു കൂടുതൽ അധികാരമൊന്നും നൽകിയിട്ടില്ലെന്നും പ. ബാവ വ്യക്തമാക്കി.



വൈദിക കാര്യങ്ങളുടെ ചുമതലയും മലങ്കരമെത്രാപ്പോലീത്തായ്ക്കാണ്. ഈ ചുമതലകൾ നിർവഹിക്കാൻ കൂടുതൽ പട്ടക്കാരെ സഹകരിപ്പിക്കുന്ന രീതിയാണ് സഭ എപ്പോഴും സ്വീകരിച്ചു പോന്നിട്ടുള്ളത്. അതുകൊണ്ട് സഭയുടെ എപ്പിസ്കോപ്പൽ സ്വഭാവം നഷ്ടപ്പെടുത്തിയിട്ടില്ല. ഭേദഗതികൾ വരുത്തിയിട്ടുള്ള മാനേജിംഗ് കമ്മിറ്റിയുടെയും അസോസിയേഷന്റെയും സമ്മതത്തോടു കൂടിയാണെന്നും പ. ബാവ ചോദ്യങ്ങൾക്കു മറുപടിയായി പ്രസ്താവിച്ചു. വിസ്താരം ഇന്നും തുടരും.

(22-12-1977 KKD)

(വട്ടക്കുന്നേൽ മാത്യൂസ് റാബോ കാതോലിക്കോസ്, എഡിറ്റർ: ഡോ. എം. കുര്യൻ തോമസ്, എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം, 2016, 171-175)



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH



വചനതീർത്ഥം

പുളിമാവ്: ജാഗ്രതൈ!

സ്ലീബാപെരുന്നാളിന് ശേഷം - രണ്ടാം ഞായർ

(വി. മത്തായി 16.5-12)

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ



ഇന്നത്തെ ഏവൻഗേലിയോൻ ഭാഗത്തിന്റെ രത്നചുരുക്കം 11 -ാം വാക്യത്തിൽ ഉണ്ട്. സുറിയാനി ഭാഷയിൽ 'ഹമീറോ ദ്ഫ്റീശേ വദ്സാദൂക്കീയേ' എന്ന് കാണാം. പരീശന്മാരുടെയും സാദൂക്യരുടെയും പുളിച്ചമാവിനെ സൂക്ഷിക്കുകയെന്ന മുന്നറിയിപ്പ് തന്നെയാണത്. പുളിമാവ് എന്ന് കർത്താവിന്റെ ഗൗരവ്വപൂർവ്വമായ ഈ പാഠത്തെയും നാം പലപ്പോഴും അവഗണിക്കുന്നുണ്ട്. ആക്ഷരീക വ്യാഖ്യാനവും തെറ്റിദ്ധാരണയും പകർച്ചവ്യാധിയാകുന്നത് കാലത്തിന്റെ ചുമരെഴുത്തുകളെ കാണുന്നവർക്കല്ലാം അറിവുള്ള വസ്തുതകളാണ്. ഗലീലാ തടാകത്തിന്റെ മറുകരയിൽ, അപ്പം കൊണ്ടു വരാതിരുന്ന ശിഷ്യസമൂഹത്തെ ബോധവത്ക്കരിക്കുന്ന ഒരു വേദപരിഛേദമാണിത്. വി.ലൂക്കോസ് (12.1) പ്രതിപാദിക്കുന്ന ആ സംഭവത്തെ തന്നെയായിരിക്കാം ഇവിടെ വിശദീകരിക്കുന്നത്. വി.മർക്കോസും ഇത് പ്രതിപാദിച്ചിട്ടുണ്ട്(8: 14-21). മുറിപ്പെടുത്തുന്ന മുള്ളും പറക്കാരയും ആദ്യമുണ്ടായത് മനുഷ്യന്റെ മനസ്സിലാണ്. സ്രഷ്ടാവിനെ വേദനിപ്പിക്കാൻ പോന്നതായിരുന്നു അത്. മനുഷ്യന്റെ മനസ്സിൽ മുളച്ചത് പിന്നീട് മണ്ണിലും ഉണ്ടായി. ശിഷ്യന്മാരുടെ ചില മറവികളും,അറിവില്ലായ്മയും തിരുത്തുവാൻ പോന്നതാണ് യേശുവിന്റെ ബോധനങ്ങൾ. മരുഭൂമിയിലെ പിതാവായ *അബ്ബാ നിലൂസ്* പറയുന്നത് പോലെ *പലവിചാരം കൂടാതെ പ്രാർത്ഥിക്കാൻ സാധിക്കേണ്ടതിന് കുരിശെടുക്കുകയും,നിന്നെതന്നെ പരിത്യജിക്കുകയും ചെയ്യണം.* പലവിചാരങ്ങൾ സമ്മാനിക്കുന്നതാണ് പുളിച്ചമാവ് എന്ന പരീശത്വം. യൂദായുടെ അന്യവിചാരങ്ങൾ അരുമനാഥങ്കൽ നിന്ന് അവനെ അകറ്റിക്കളഞ്ഞു എന്ന് ഓർമ്മിക്കുക.

1. വിവേകത്തിന്റെ വേദമർമ്മം

യെശയ്യാ പ്രവാചകൻ (51:9) ഓർമ്മപ്പെടുത്തലിങ്ങനെ,യഹോവ്വയുടെ ഭുജമായുള്ളോരെ ഉണരുക,ഉണരുക. നാം തന്നെ ക്രിസ്തുവിലേക്കുള്ള ഉണർവ്വ് ആത്മീയ ജീവിതത്തിൽ നാം കാത്തവെക്കേണ്ട ജാഗ്രതയാണ്. പുളിച്ച മാവിനെ കുറിച്ച് കർത്താവ് പരാമർശിക്കുമ്പോൾ അവർ അപ്പം എടുത്തിലല്ലോ എന്ന ആകുലതയിലേക്ക് ഉണർന്നു. *ഓർമ്മ, നന്മ,വെണ്മ* എന്നിവ ആത്മീയ ജീവിതത്തിലെ മൂന്ന് തൂണുകളായി ഒരു പൗരസ്ത്യ നിരീക്ഷണമുണ്ട്. ഓർമ്മയാണ് നാം ജീവിക്കുന്ന നിമിഷങ്ങളോട് നമ്മെ ചേർത്ത് നിർത്തുന്നത്. എന്റെ ഓർമ്മയ്ക്ക് വേണ്ടി ഇപ്രകാരം ചെയ്യ്വിൻ എന്ന കർത്താവിന്റെ വാക്കുകൾ പ്രധാനമാണ്. പരീശരും, സാദൂക്യരും മതജീവിതത്തിൽ പുലർത്തുന്ന കാർക്കശ്യം നല്ലതാണെങ്കിലും, ദൈവത്തെ ഓർമ്മിക്കാത്ത അനുഷ്ഠാനങ്ങൾ, നന്മയെ നിരാകരിക്കുന്ന ദൂഷണങ്ങൾ, വെണ്മയും പരിശുദ്ധിയും ഇല്ലാത്ത ജീവിതം എന്നിവ കർത്താവിനെ വേദനിപ്പിക്കുന്നവയാണ്.

ഉണർവ്വ് സൂക്ഷിക്കുവാൻ കഴിയാത്ത അഭിശപ്ത നിമിഷങ്ങൾ ധാരാളം വേദവഴികളിൽ കാണാം. ഉണ്മയുടെ വിശുദ്ധി നഷ്ടപ്പെടുത്തുന്ന ഒന്നാണ് പുളിമാവ്. മനുഷ്യനിലുള്ള മൗലീകമായ നന്മയെ കവർന്നെടുക്കുന്ന ആശയങ്ങളുടെ നൃത്തവേദിയാണ് നവമാധ്യമങ്ങൾ. ഒരർത്ഥത്തിൽ പുളിമാവ് തന്നെ. ക്രിസ്തുവിനെ തമസ്സ്ക്കരിക്കാൻ ശ്രമിക്കുന്ന ഈ ആശയപ്രക്ഷളനങ്ങളുടെ മഷി പരന്ന് നമ്മുടെ മുഖചിത്രങ്ങൾ ഇല്ലാതാവുന്നത് നാമറിയണം. ആഹാരം മറന്ന് സമൂഹമാധ്യമങ്ങളുടെ മരുഭൂമിയിൽ അലയുന്നവർ ഒരർത്ഥത്തിലിങ്ങനെയാവുന്നു.

2. പുളിച്ച മാവും, വീഴാത്ത ആത്മാവും.

ഒരു പാത്രം മാവിൽ അനുനിമിഷം പടരുന്ന പുളിമാവ് പോലെയാണ്, ദുഷ്ടലാക്കോടു കൂടിയ ഉപദേശങ്ങൾ. പരീശന്മാരുടെയും സാദൂക്യരുടെയും ആന്തരീകശുദ്ധി ഇല്ലാത്ത വ്യാഖ്യാനങ്ങളെയും, ബാഹ്യാനുഷ്ഠാനങ്ങളെയും അത് സൂചിപ്പിക്കുന്നു. മുഖമുദ്രയാക്കിയ ചിന്തകളിൽ നിന്ന് അകലേണ്ട ആവശ്യകതയാണ് കർത്താവ് സൂചിപ്പിക്കുന്നത്. ഈ ഉണർവ്വ് നാമെന്തിന് കാത്ത് സൂക്ഷിക്കണമെന്ന് ഉത്തരം തേടുമ്പോൾ, ചില വിചാരങ്ങൾ കുറിക്കട്ടെ. ഉണർവ്വിനു ഉദാഹരണമാകാൻ ഒരു കായികതാരത്തെക്കാൾ ഉചിതമായ ഉദാഹരണമില്ല. ഒരു കായികാധ്യാപകൻ തന്റെ കുട്ടികളോട് പറഞ്ഞുകൊടുക്കുന്ന മൂന്ന് കാര്യങ്ങൾ ശ്രദ്ധിക്കുക.

1) പിഴയ്ക്കാത്ത ചുവട്

ആദ്യത്തെ കാൽവയ്പ്പുതന്നെ ശ്രദ്ധപൂർവ്വമാകണം. *മൈലുകൾ താണ്ടുവാനുള്ള യാത്ര ആരംഭിക്കുന്നത് ഈ ആദ്യത്തെ ചുവടുകളിൽ നിന്നാണ് എന്ന് അവബോധം എപ്പോഴും ഉണ്ടായിരിക്കണം* എന്ന് ലാവോത്സെ എഴുതിയിട്ടുണ്ട്. നമ്മുടെ ക്രൈസ്തവ ജീവിതം എപ്പോഴും ഉണർവ്വ് കാത്ത് സൂക്ഷിക്കേണ്ടത് തെറ്റുകൾ സംഭവിക്കാതിരിക്കാൻ മാത്രമല്ല. എന്നാൽ മീഖാ പ്രവാചകന്റെ വാക്കുകൾ പോലെ വീണു എങ്കിലും വീണ്ടും എഴുന്നേൽക്കുവാനെങ്കിലും (മീഖ 7.8) അത് നമ്മെ സഹായിക്കും. ഇപ്പോൾ അപ്പം എടുക്കാൻ മറന്ന് പോയവർ ഇതിലും ഗൗരവ്വമേറിയ കാര്യങ്ങൾ നിർവ്വഹിക്കേണ്ടവരാണ് എന്നുള്ളതിനാൽ ജാഗ്രതയോടെ നിയോഗങ്ങൾ നിവർത്തിക്കുന്നവരാണം എന്ന് കർത്താവ് ഉദ്ദേശിക്കുന്നു.

(2) നിലയ്ക്കാത്ത വേഗം

സമയം അനിശ്ചിതമാകായാൽ ഉണർന്നിരിപ്പിൻ(മത്ത 20:31) (2) വിപരീത ഉപദേശങ്ങളിൽ പെട്ട് പോകാതിരിക്കാൻ നാം ശ്രദ്ധിക്കേണ്ടതാണ്. ക്രിസ്തീയ ജീവിതമാകുന്ന തീർത്ഥാടനത്തിലെ വേഗതയ്ക്ക് നമുക്ക് വിഘാതമാകുന്നതാണ് വിശ്വാസവിപരീതങ്ങളും, സാമ്പന്നതയും അധികാര പ്രമത്തതയും എല്ലാം.

ശിഷ്യത്വത്തിന്റെ താളം നഷ്ടപോയിട്ട് അതിനെ തിരികെ പിടിക്കാൻ ആവാതെ ജീവിതം തന്നെ നഷ്ടപ്പെടുത്തിയവനാണ് യൂദാ. ആയതിനാൽ ജീവിതത്തിന്റെ താളം കണ്ടെത്തുകയാണ് പ്രധാനം. ഇത് ഉണർവ്വ് ഉണ്ടെങ്കിൽ മാത്രമെ സാധിക്കുകയുള്ളൂ. വിശ്വാസത്തിലും, നിലപാടുകളിലും സ്ഥിരതയുണ്ടാകുന്നത് ദൈവീകജ്ഠാനത്താൽ നിറയുമ്പോഴാണ്.

***(3) വിരുത് പ്രാപിക്കുന്നത് വരെയുള്ള ശ്രമം.* (അപ്പോ 20.31)**

ഓട്ടക്കാർ നിരവധിയുള്ള മത്സരത്തിൽ വിരുത് പ്രാപിപ്പാൻ കഴിയുന്നവൻ, ഒരുവനാണ് എന്ന് പൗലോസ് ശ്ളീഹാ ഓർമ്മിപ്പിച്ചിട്ടുണ്ട്. എന്നാൽ ദൈവരാജ്യ ദർശനങ്ങൾ എല്ലാവരെയും വിജയിപ്പിക്കുന്ന ഒന്നാണല്ലോ. സഹതീർത്ഥാടകർക്ക് ലക്ഷ്യത്തിലേക്കുള്ള വേഗം നൽകുവാനും നമുക്ക് സാധിക്കണം.

നിരവധി വർഷങ്ങൾ ഹിമാലയത്തിൽ താമസിച്ച ഒരു സന്ന്യാസിയെ കുറിച്ച് നിങ്ങൾ കേട്ടിരിക്കും. അദ്ദേഹം മുപ്പത് വർഷങ്ങലോളം അവിടെ നിശ്ബദ്ധനായി താമസിച്ചു. തന്റെ അഹംബോധത്തെ മുഴുവൻ ഇല്ലായി എന്ന് അദ്ദേഹം വിചാരിച്ചു. ആ കാലത്ത് അദ്ദേഹ്തിന്റെ ശിഷ്യന്മാർ അദ്ദഹത്തോട് പറഞ്ഞു, ഹിമാലയത്തിന്റെ താഴ്വരയിൽ ഒരു വിപുലമായ മതസമ്മേളനം നടക്കുന്നു. അങ്ങ് കബടി പങ്കെടുക്കുന്നെങ്കിൽ ഉചിതമായിരുന്നുവെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. അദ്ദേഹം അത് സമ്മതിക്കുകയും ആ മേളക്കായി പോകുകയും ചെയ്യ്തു. ഈ പരിപാടിക്കിടയ്ക്ക് ആൾകൂട്ടത്തിനിടയിൽ നിന്നൊരാൾ അദ്ദേഹത്തിന്റെ കാലിൽ ചവിട്ടി. ആ സന്ന്യാസി വര്യനിൽ കോപം കത്തിജ്വലിച്ചു.എന്നാൽ പെട്ടെന്ന് അദ്ദേഹം ശാന്തനായി . അദ്ദേഹം ഇപ്രകാരം പറഞ്ഞുവത്രേ, മുപ്പത് വർഷക്കാലം ഹിമാലയം എനിക്ക് കാണിച്ചു തരാത്ത രഹസ്യം ഈ ആൾക്കൂട്ടത്തിലെ അപരിചിതൻ എനിക്ക് കാണിച്ച് തന്നിരിക്കുന്നു.

ഉണർവ്വ് സൂക്ഷിക്കുവാൻ നിത്യജീവിതത്തിൽ നിന്ന് ഒളിച്ച് ഓടിയത് കൊണ്ട് സാധിക്കുകയില്ല എന്ന് ഈ സംഭവം ഓർമ്മിപ്പിക്കുന്നു. പാലയനമാല്ല,മാനസാന്തരമാണ് നമുക്ക് ആവശ്യം. ക്രിസ്തുവിൽ സ്നാനം ചെയ്യുന്ന ഒരു മനസ്സ്. അവന്റെ കാലൊച്ചക്ൾ കേൾക്കുന്ന ഹൃദയം. അവന് വേണ്ടി നിരന്തരം കർമ്മനിരതമാകുന്ന ജീവിതം. ❑